സക്രാരി സിംഹാസനം

പുതുക്കിയ നിർദ്ദേശമനുസരിച്ചു ഇസ്രുസേഫ് സക്രാരി ഉപയോഗിക്കണമെന്നുള്ളതിനാൽ കാട്ടസക്രാരിയുടെ ഉള്ളിൽ ഇസ്രുസേഫ് ഫിറവൈയ്യ ബോൾട്ടിൽ ഉറപ്പിച്ച പണിതീർത്തുകൊടുക്കുന്നു.

A N T. JOSEPH (Phone: 6) Metal works, VALAPAD

1965-ൽ നല്ലിയ സ്ഥലങ്ങൾ:- ചാലക്കുടി, മമ്മിയൂർ, കല്ലേറുങ്കര, ചാലക്കുടി, പൊയ്യ, പുളിയിലക്കന്നു്, കരുഞ്ഞിറ, കാലടി, കോതമംഗലം, പൊരുമ്പുള്ളിശ്ശേരി, ഇരിഞ്ഞാലക്കുട, ചേപ്പു്, എറണാകുളം. Etc

Reg: No. K. 51

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്കു്

വാരത്തുപ്പുതിപ്പു്

	പോസ്റ്റേജു്	പോസ്റ്റേജു്
ഒരു കൊല്ലത്തേയ്ക്കു്	27_00	6_00
6 മാസത്തേയ്ക്കു്	13_50	3_00
1 മാസത്തേയ്ക്കു്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്കു്		
വാരാന്ത്യപ്പതിപ്പു് അടക്കം		2_10
ഓരോപ്രതി	0_07	0_10

മാനേജർ.

മുന്നൂകം 12 | ലക്കം 118 | 1965 മേയ് 5 ബുധൻ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

അതിർത്തികളിൽ പാക്കു് സായുധ സേനാ കേന്ദ്രീകരണം

ലോകസഭയിൽ രാജ്യരക്ഷാമന്ത്രിയുടെ സ്ഥിരീകരണം

ഡിങ്കിൽനിന്നും തങ്ങൾ പിൻവാങ്ങിയിട്ടില്ലെന്നു് പാക്കു സ്ഥാൻ

(പി. ടി. ഐ) ന്യൂഡെൽഹി, മെയ് 4

ഇന്ത്യയുടെ അതിർത്തിയിൽ പാക്കു് സായുധസേനകളും കേന്ദ്രീകരിച്ചിട്ടുണ്ടെന്നു് പ്രതിരോധമന്ത്രി വൈ. ബി. ചവാൻ ഇന്നു് ലോകസഭയിൽ സ്ഥിരീകരിച്ചിരിക്കുന്നു. ശവമ്മെണ്ടു് സ്ഥിതിഗതികളും സൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കയാണെന്നും അതിനെ നേരിടാൻ ഉചിതമായ നടപടികളും സ്വീകരിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

ആസ്സാം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള മെമ്പർമാർ വളരെ യത്നിച്ചിട്ടും ഉചിതമായ നടപടികളെപ്പറ്റി വിശദീകരിക്കാൻ ചവാൻ വിസമ്മതിച്ചു.

ചീനയും പാക്കിസ്ഥാനും ഇന്ത്യയ്ക്കെതിരായി സൈനീകമായി എന്തെങ്കിലും ചെയ്താൽ ഇന്ത്യ അതിനെ ധീരമായി അഭിമുഖീകരിക്കേണ്ടിവരുമെന്നു് പ്രതിരോധമന്ത്രി പറഞ്ഞു.

കീ പാക്കിസ്ഥാനെമോചിപ്പിക്കണമെന്നു് ലോഹ്യ

മെമ്പർമാർ വിശദീകരണം ആവശ്യപ്പെടുന്നതിനിടയിൽ, കിഴക്കൻ പാക്കിസ്ഥാനെ ഒരാഴ്ചത്തേക്കെങ്കിലും അയൂബിന്റെ സാമ്രാജ്യത്വത്തിൽനിന്നും മോചിപ്പിക്കേണ്ടതാണെന്നു് ഡോ. ലോഹ്യ നിർദ്ദേശിച്ചു. നിയന്ത്രണം പാലിക്കൻ സ്പീക്കർ അഭ്യർത്ഥിച്ചു. പാക്കിസ്ഥാൻ ഹൈക്കമ്മീഷണറെ തൽക്കാലം മെമ്പർമാർ പായരുതു്. ഇന്ത്യയും പാകിസ്ഥാനും സമാധാനത്തിൽ കഴിയണമെന്നാഗ്രഹിക്കുന്ന ജനങ്ങളാണു് ഇരുരാജ്യങ്ങളിലുമുള്ളതു്.

ഇന്ത്യൻ സൈന്യം കച്ചിൽനിന്നും പിൻവാങ്ങിപ്പോയെന്ന പാകിസ്ഥാന്റെ വ്യാജപ്രചരണത്തിൽ കടുങ്ങരുതെന്നു് പ്രതിരോധമന്ത്രി മെമ്പർമാരോടഭ്യർത്ഥിച്ചു. നമ്മുടെ സൈന്യം അവിടെ പൊരുതുകയായിരുന്നുവെന്നു് ഹർഷാരവങ്ങൾക്കിടയിൽ ചവാൻ പറഞ്ഞു.

ചില ലേഖകന്മാർ വ്യാഖ്യാനിക്കുന്നതുപോലെ സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമത്തിൽ ഇന്ത്യ സഹകരിക്കുന്നതു് ഒരുതരത്തിലും ഉർബ്ബലതയാണെന്നർത്ഥമാക്കരുതു്. പ്രധാനമന്ത്രി ശാസ്ത്രിപാർലമെൻറിൽ നടത്തിയ പ്രഖ്യാപനത്തോടു പൊരുത്തപ്പെടുന്ന ഒരു വെടിനിർത്തലിനമാത്രമേ ഇന്ത്യ സമ്മതിക്കയുള്ളു.

ഇന്ത്യ അതിന്റെ സ്വന്തമായ തന്ത്രസംവിധാനം നടപ്പിൽവരുത്തുമെന്നു് ശാസ്ത്രിപാർലമെൻറിൽചെയ്ത പ്രഖ്യാപനം എന്തുകൊണ്ടു് പ്രയോഗത്തിലാക്കിയില്ല എന്നു് ഏതാനും പിയെസ്സിമെമ്പർമാർ ചോദിച്ചു. പാർലമെൻറിനു നൽകിയ ഉറപ്പു പാലിക്കാൻ ഗവമ്മെണ്ടു് ആത്യന്തികമായി ബാധ്യസ്ഥനാണെന്നു് ചവാൻ മറുപടിനൽകി.

പാക്കിസ്ഥാന്റെ പ്രതിഷേധം

റാൺ ഓഫ് കച്ചു് പ്രദേശത്തു് കാഞ്ചാർക്കോട്ടിനു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഡിങ്ങ്പോസ്റ്റിൽനിന്നും പാക്കിസ്ഥാൻ സൈന്യം പിൻവാങ്ങിയെന്ന ഒരു ഇന്ത്യൻ റിപ്പോർട്ടു് പാക്കിസ്ഥാൻ കഴിഞ്ഞ രാത്രി നിഷേധിച്ചിരിക്കുന്നു.

ഈ റിപ്പോർട്ടിൽ യാതൊരു സത്യാംശവുമില്ലെന്നു് ഒരു പാകിസ്ഥാൻ പ്രതിരോധമന്ത്രി കാര്യാലയവക്താവു് പറഞ്ഞു.

'തക്കവിഷയമായ ഒരൊറ്റപ്രദേശത്തുനിന്നുപോലും പാക്കിസ്ഥാൻ പിൻവാങ്ങിയിട്ടില്ല. ഡിങ്ങിൽനിന്നു് ഒട്ടും തന്നായില്ല. അതു് പാക്കിസ്ഥാന്റെ ഒരു വിജയപ്രഖ്യാപകമാണു്. ഈ പ്രദേശത്തുനിന്നും കഴിഞ്ഞപോകുന്ന പ്രശ്നമേയില്ല.'

കഴിഞ്ഞ അനവധി ദിവസങ്ങളായി ഡിങ്ങിൽ പാക്കിസ്ഥാനികളെ കാണാനില്ലെന്നു് ഇന്നലെ ഡെൽഹിയിൽ ഒരു ഔദ്യോഗികവക്താവു് പ്രസ്താവിക്കയുണ്ടായി.

ഭീഷണിക്കു് വഴങ്ങില്ലെന്നു് അയൂബ്ഖാൻ

പാക്കിസ്ഥാൻ അതിന്റെ പ്രദേശവും താല്പര്യങ്ങളും ബലപ്രയോഗത്തിനോ ഭീഷണികൊണ്ടോ അടിയറവെക്കുന്നതിനു് ഒരുക്കമല്ലെന്നു് പ്രസിഡണ്ടു് അയൂബ്ഖാൻ ഇന്നലെ കറാച്ചിയിൽവച്ചു് പ്രസ്താവിച്ചു.

കറാച്ചി ചേമ്പർ ഓഫ് കോമേഴ്സിന്റെ വാർഷിക ഡിന്നർസൽക്കാരത്തിൽ പങ്കെടുത്തുകൊണ്ടു് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുമായുള്ള തർക്കങ്ങളും സമധാനപരമായി പരിഹരിക്കാനാണു് പാക്കിസ്ഥാൻ ആഗ്രഹിക്കുന്നതു്. റാൺ ഓഫ് കച്ചു് തർക്കം പാക്കിസ്ഥാൻ സൃഷ്ടിച്ചതല്ല. നാം ഇന്ത്യൻ പ്രദേശം മോഹിക്കുന്നില്ല.

ഒരു പരിഹാരത്തിനുവേണ്ടി കൂടിയാലോചനകൾ നടക്കുന്ന ഈ സന്ദർഭത്തിൽ താൻ കൂടുതലായി ഒന്നും പറയുന്നില്ലെന്നു് അയൂബ് പറഞ്ഞു.

ശാന്തത തുടരുന്നു

കച്ചു് അതിർത്തിയിൽ ഇന്നും ശാന്തത തുടരുന്നുവെന്നു് ഔദ്യോഗിക വൃത്തങ്ങൾ പറഞ്ഞു.

കച്ചു് അതിർത്തിയിൽ പാക്കിസേനകനത്ത ഷെൽവർഷം പുനരാരംഭിച്ചുവെന്ന ഒരു വാർത്ത ഔദ്യോഗികമായി നിഷേധിക്കപ്പെട്ടിട്ടുണ്ടു്,

ഇന്നും ഇന്നലെയും ഷെൽവർഷം ഉണ്ടായിട്ടില്ലെന്നു് ഒരു ഔദ്യോഗികവക്താവു് പത്രലേഖകരോടു് പറഞ്ഞു.

....

മുസ്ലിംലീഗിന്റെ അനുഭവം

തിരഞ്ഞെടുപ്പു് സഖ്യങ്ങളെപ്പറ്റി കാമരാജു്

[പി. ടി. ഐ] വെല്ലൂർ, മേ 4

എലക്ഷൻ കമ്മീഷന്റെ അംഗീകരണം നഷ്ടപ്പെട്ട കേരളത്തിലെ മുസ്ലിംലീഗിന്റെ ഉദാഹരണം അവിശ്വസനീയമായ തിരഞ്ഞെടുപ്പു കൂട്ടുകെട്ടുകളിലേർപ്പെടുന്ന പ്രതിപക്ഷകക്ഷികൾക്കു് ഒരു മുന്നറിയിപ്പാണെന്നു് കോൺഗ്രസ് പ്രസിഡണ്ടു് മി. കെ. കാമരാജു് പ്രസ്താവിച്ചു.

ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്ന അദ്ദേഹം. കേരളത്തിൽ ഇയ്യിടെ നടന്ന തിരഞ്ഞെടുപ്പിൽ മുസ്ലിംലീഗിനു് കറവു വോട്ട് ലഭിച്ചതുമൂലം ആ പാർട്ടിയുടെ അംഗീകരണം നഷ്ടപ്പെടുകയുണ്ടായി. ഇടതുപക്ഷകമ്യൂണിസ്റ്റ്കക്ഷി ഉൾപ്പെടെയുള്ള പാർട്ടികളുമായി അവിശ്വസനീയമായ കൂട്ടുകെട്ടുണ്ടാക്കിയതാണിതിനു് കാരണമെന്നും മി. കാമരാജു് പറഞ്ഞു.

....

19-സ്കൂളുകൾവിദ്യാഭ്യാസവകുപ്പിനു് കൈമാറി

(പി. ടി. ഐ) ആലപ്പുഴ, മേയ് 4

ആലപ്പുഴ ജില്ലയിൽ ഹരിജൻ വെൽഫെയർ ട്രസ്റ്റിന്റെ കീഴിലുള്ള 19-വിദ്യാലയങ്ങളും മേയ് ഒന്നാം തിയ്യതി മുതൽ സംസ്ഥാനവിദ്യാഭ്യാസ വകുപ്പിനു് കൈമാറിയിരിക്കുന്നു.

ഈ വിദ്യാലയങ്ങളിലെല്ലാംകൂടി ആകെ 2500 വിദ്യാർത്ഥികളും 56 അദ്ധ്യാപകന്മാരുമാണുള്ളതു്. (പി. ടി ഐ.)

കാർഷികവില നിർണ്ണയകമ്മീഷന്റെ ശുപാർശ

ഫാർമേഴ്സ് പാനലിന്റെ അഭിപ്രായമാരായുമെന്നു് സുബ്രഹ്മണ്യം

[പി. ടി. ഐ] ന്യൂഡൽഹി, മേ. 4

കാർഷികവില നിർണ്ണയകമ്മീഷന്റെ ശുപാർശകളിന്മേൽ ഒരു തീരുമാനമെടുക്കുമ്പോൾ ഫാർമേഴ്സ് പനലിന്റെ അഭിപ്രായങ്ങളും ഗവമ്മെണ്ടു് കണക്കിലെടുക്കുമെന്നു് ഭക്ഷ്യ കാർഷിക മന്ത്രി മി. സി. സുബ്രഹ്മണ്യം ഇന്നു ലോകസഭയിൽ പറഞ്ഞു.

പി. ആർ. ചക്രവർത്തി, പി. ആർ. പട്ടേൽ തുടങ്ങിയവരുടെ ചോദ്യങ്ങൾക്കു് മറുപടി പറയുകയായിരുന്ന അദ്ദേഹം പ്രധാനമന്ത്രി ഉറപ്പുനൽകിയിട്ടും കാർഷികവില നിർണ്ണയകമ്മീഷനിൽ കൃഷിക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്താതിരുന്നതെന്താണെന്നു് മി. പട്ടേൽ ചോദിച്ചു.

കാർഷികവില ഘടനയിലേക്കുള്ള കമ്മീഷന്റെ ശുപാർശകളെ സംബന്ധിച്ചു ഫാർമേഴ്സ് പാനലുമായി ചർച്ച ചെയ്യുമെന്നു് മി. സുബ്രഹ്മണ്യം മറുപടി നൽകി. കൃഷിക്കാരുടെ താല്പര്യങ്ങൾ അവഗണിക്കുക എന്ന പ്രശ്നമേയില്ലെന്നും അദ്ദേഹം പറഞ്ഞു.

മൌണ്ടു് ബാറൻപ്രഭു ന്യൂഡൽഹിയിൽ

(പി. ടി. ഐ) ന്യൂഡൽഹി, മേ. 4

ബ്രിട്ടീഷ് സൈനികമേധാവിയായ മൌണ്ടു് ബാറൻപ്രഭു നാലുദിവസത്തെ ഡെൽഹിസന്ദർശനാർത്ഥം ഇന്നലെരാവിലെ എത്തിച്ചേർന്നിരിക്കുന്നു. വിദേശകാര്യമന്ത്രി മി. സ്വരൺസിംഗ്, ഇൻഫർമേഷൻ മിനിസ്റ്റർ ശ്രീമതി ഇന്ദിരാഗാന്ധി തുടങ്ങിയവർപോന്ത് വിമാനത്താവളത്തിൽവച്ചു് അദ്ദേഹത്തെ സ്വീകരിച്ചു.

.....

മൈനസന്ദർശിക്കുവാൻ ഷേക്കിനു് എംബർജൻസി സർട്ടിഫിക്കറു്

(പി. ടി. ഐ) ന്യൂഡൽഹി, മേ. 4

ഹജ്ജു് തീർത്ഥാടനത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ മൈനു സന്ദർശിക്കുന്നതിന്നായി ഷേക് അബ്ദുള്ളക്കും പാർട്ടിക്കും എമർജൻസി സർട്ടിഫിക്കറ്റുകളും നല്കുവാൻ ജെസ്സിലെ ഇന്ത്യൻ എമ്പസിക്കു് നിർദ്ദേശം നൽകിയിട്ടുള്ളതായി വിദേശകാര്യവകുപ്പിലെ മന്ത്രി ശ്രീമതി ലക്ഷ്മി എൻ. മേനോൻ ലോകസഭയിൽ പറഞ്ഞു.

ജോർദ്ദാനും ഇറാക്കും സന്ദർശിക്കുന്നതിനു് അനുവാദത്തിന്നായി വാക്കാലൊരു രേഖാമൂലമായൊ ഷെയ്ക്ക് അബ്ദുള്ളയിൽനിന്നും ജെസ്സ് ഹൈമിക്ക് ലഭിക്കുകയുണ്ടായെന്നു് മിസ്സിസ് മേനോൻ പ്രകാശ്വീർ ശാസ്ത്രിയോടു പറഞ്ഞു.

സൌദ് രാജാവ് ഷേകിനെ സ്വീകരിച്ചു

അമ്മാൻ, മേ. 4

ഷേക് അബ്ദുള്ളയെ, സൌദി അറേബിയയിലെ ഹെയ്സൽ രാജാവ് സ്വീകരിക്കുകയും ഹൃദ്യമായി സ്വാഗതം ചെയ്കയും ചെയ്തതായി മെക്ക റേഡിയൊ റിപ്പോർട്ടുചെയ്തു. കൂടിക്കാഴ്ചയുടെ വിശദവിവരങ്ങളൊന്നും റേഡിയൊ നല്കുകയുണ്ടായില്ല.

ശാസ്ത്രിയുടെ സോവ്യറാ സന്ദർശനം

ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നു, കോസിജിൻ

പാക് ആക്രമണം രേഖാമൂലമായ തെളിവുകൾ സഹിതം കൊസിജിൻ സോവ്യറാ നേതാക്കൾക്കു് ലേഖകന്മാർക്കും വിവരിച്ചുകൊടുത്തു

(റോയിട്ടർ) മോസ്കോ, മേ. 3

കച്ചിലെ പാക്കിസ്ഥാനി ആക്രമണത്തിനുള്ള രേഖാമൂലമായ തെളിവുകൾ, സോവ്യറാ യൂണിയനിലെ ഇന്ത്യൻ അംബാസിഡർ മി. ടി. എൻ. കൌൾ സോവ്യറാ പത്രലേഖകന്മാർക്കു് കാണിച്ചുകൊടുക്കുകയുണ്ടായി.

സോവ്യറാ പ്രധാനമന്ത്രി മി. അലക്സി കോസിജിനെ വന്ദർശിച്ചു് സംഭാഷണം നടത്തുകയുണ്ടായി.ഇതോടുകൂടി സോവ്യറാ് ബന്ധങ്ങളെപ്പറ്റിയും അന്തർദ്ദേശീയ പ്രശ്നങ്ങളെപ്പറ്റി വിലപ്പെട്ടവയുമായ അഭിപ്രായ നിയമങ്ങളാണു് അവർ തമ്മിൽ നടന്നതു്.

ഈ സംഭാഷണം 90 മിനുട്ടനോളം നീണ്ടു നിന്നു. ഇന്ത്യാ-പാക്കിസ്ഥാൻ സ്ഥിതിഗതികളെ മേയ് 11-ാം തിയതി നടക്കുവാൻ പോകുന്ന പ്രധാനമന്ത്രി ശാസ്ത്രിയുടെ റഷ്യാ സന്ദർശനവും അവർ ചർച്ച ചെയ്തതായാണറിയുന്നതു്.

ഇന്ത്യയുടെ നാലാം പഞ്ചവത്സരപദ്ധതിയിലേക്കുള്ള സോവ്യറാ് സഹായത്തെക്കുറിച്ചു് ചർച്ചചെയ്യുന്നതിനു വേണ്ടിയുള്ള പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ മി. അശോക് മേത്തയുടെ സന്ദർശനവും പരാമർശിക്കപ്പെട്ടു.

മി ശാസ്ത്രിയുടെ സന്ദർശനം സോവ്യറാ് ഗവമ്മെണ്ടും ജനങ്ങളും ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയാണെന്നു് മി. കോസിജിൻ കൊളീനോടു് പറഞ്ഞതായി ട്ടാണറിയുന്നതു്. കച്ചിലെ പാക്കിസ്ഥാനി ആക്രമണത്തിന്റെ വ്യക്തമായ സഭാവം രേഖകളുടെ സഹായത്താടെ മി. കൌൾ നേരത്തെ സോവ്യറ്റ് പ്രധാനമന്ത്രിക്കു് വിവരിച്ചുകൊടുക്കുകയുണ്ടായി.

കച്ചു് പ്രശ്നത്തിൽ ഇന്ത്യയുടെ ന്യായീകരണം സോവ്യറാ് വൃത്തങ്ങൾക്കു് ബോധ്യമായിട്ടുള്ളതായി പി. ടി. ഐ. യുടെ സ്റ്റാഫ് ലേഖകൻ മി. ബി. ആർ. വാട്സ് റിപ്പോർട്ടു ചെയ്യുന്നു.

കച്ചിൽ മൻനിയ കൈവരുത്തുന്നതിനായു് അവർ അനുവലിക്കുന്നതെന്നും സമാധാനപരമായ കൂടിയാലോചനകളിൽ വിശ്വാസമർപ്പിച്ചു പ്രവർത്തിക്കണമെന്നു് സോവ്യറാ് യൂണിയൻ ആഗ്രഹിക്കുന്നുവെന്നും റിപ്പോർട്ടിൽ മുമ്പു പറഞ്ഞു.

ഡൊമിനിക്കൻ പ്രശ്നം രക്ഷാസമിതിയിൽ

അമേ: സേനയെ പിൻവലിക്കാനാവശ്യപ്പെടണം

സോവ്യറാ് പ്രതിനിധിയുടെ നിർദ്ദേശം

(റോയിട്ടർ) ഐക്യരാഷ്ട്രങ്ങൾ, മേ. 4

സംഘർഷാത്മകമായ ഒരന്തരീക്ഷത്തിൽ ഇന്നലെ രാവിലെ ഐക്യരാഷ്ട്ര രക്ഷാസമിതി സമ്മേളിച്ചു. ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ അഭ്യന്തരകാര്യങ്ങളിൽ അമേരിക്ക ഇടപെടുന്നതു് സംബന്ധിച്ചു് ചർച്ച ചെയ്യുന്നതിനായി സോവ്യറാ് യൂണിയന്റെ അഭ്യർത്ഥന അനുസരിച്ചാണു് രക്ഷാസമിതി വിളിച്ചുകൂട്ടിയതു്.

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ അമേരിക്കൻ ആക്രമണത്തെ അപലപിക്കണമെന്നും അവിടെനിന്നും അമേരിക്കൻ സേനയെ പിൻവലിക്കണമെന്നും ആവശ്യപ്പെടണമെന്നും സെക്യൂരിറ്റി കൌൺസിലിനോടു് സോവ്യറാ് യൂണിയൻ പ്രതിനിധി ആവശ്യപ്പെട്ടു.

ക്യൂബാ പ്രതിനിധി പങ്കെടുക്കുന്നു

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ അമേരിക്ക ഇടപെട്ടുവെന്ന റഷ്യയുടെ ആരോപണം പരിഗണിക്കുന്നതിനായി ഇവിടെ സമ്മേളിച്ചിരിക്കുന്ന രക്ഷാസമിതി യോഗത്തിലേക്കു് ക്യൂബൻ പ്രതിനിധിയെ ക്ഷണിച്ചിരിക്കുന്നു.

തന്റെ സ്വന്തം അഭ്യർത്ഥനയനുസരിച്ചാണു് ക്യൂബൻ പ്രതിനിധി മി. ഫെർണാണ്ടെൽവാരസ് താബ്ക്കൊയൊക്ഷണിച്ചിരിക്കുന്നതെന്നു് സമിതി പ്രസിഡണ്ടു് മി. രംഭക്യൂഷ്ണൻ രാമനി (മലയേഷ്യ) വിശദീകരിച്ചു.

റഷ്യ മുൻ കൂട്ടുത്തിരിക്കുന്ന ഒരു വാദപ്രതിവാദത്തിൽ പങ്കെടുക്കുവാൻ ക്യൂബ് ആവശ്യപ്പെട്ടുവെന്നതു് തികച്ചും രസകരമാണെന്നു് അമേരിക്കൻ പ്രതിനിധി മി. അഡ്ലായ് സ്റ്റീവൻസൺ പറഞ്ഞു. ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളുമായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ള അടുത്ത ബന്ധം വെളിപ്പെടുത്തുകയാണു് ഇതു മൂലമെന്നും അദ്ദേഹം പറഞ്ഞു.

ഈ പ്രശ്നവുമായി തങ്ങൾ കൂടുതൽ ബന്ധപ്പെട്ടിട്ടുണ്ടെന്നു് കാസ്ട്രോ ഗവർമെണ്ടു് കരുതുന്നുണ്ടെങ്കിൽ, ഈ അസന്തുഷ്ടമായ സ്ഥിതിഗതികളിൽ തങ്ങളുടെ പങ്കു് വിവരിക്കുന്നതു് വളരെ ഉപകാരപ്രദമായേക്കുമെന്നും മി. സ്റ്റീവൻസൺ പറഞ്ഞു. ക്യൂബൻ പ്രതിനിധിയെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കുന്നതിൽ തങ്ങൾക്കു് എതിർപ്പില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

രാജ്യരക്ഷാചട്ടം നസരിച്ചു് അറസ്റ്റു്

(പി ടി ഐ) ബിക്കാഫീർ, മേ. 4

ദേശീയ-സാമൂഹ്യവിരുദ്ധ നടപടികൾ ആരോപിച്ചുകൊണ്ടു് രാജ്യരക്ഷാനിയമമനുസരിച്ചു് 4 ഗ്രാമീണരെ പോലീസ് അറസ്റ്റുചെയ്തതായി ഇവിടെ ലഭിച്ച ഒരു ഔദ്യോഗികറിപ്പോർട്ടിൽ കാണുന്നു.

സംശയാസ്പദമായവിധം നീങ്ങിക്കൊണ്ടിരിക്കവേ ബിക്കെപൂർ ഇന്ത്യൻ അതിർത്തിപോസ്റ്റിന്നടുത്തുവച്ചു് ഒരു സിറാള്ളയെ രാജസ്ഥാൻ കാവൽപോലീസ് ഇന്നലെ അറസ്റ്റുചെയ്തു. ബീഹാറിലെ മിർസാപൂർകാരനാണു് ഇയ്യാളെന്നും പ്രസ്താവിക്കപ്പെട്ടുന്നു.

ആവശ്യമായ രേഖകളും കൂടാതെ പാതായി വിദേശകാര്യവകുപ്പിലെ മന്ത്രി ശ്രീമതി ലക്ഷ്മി എൻ. മേനോൻ ലോകസഭയിൽ പറഞ്ഞു.

ജോർദ്ദാനും ഇറാക്കും സന്ദർശിക്കുന്നതിനു് അനുവാദത്തിന്നായി വാക്കാലൊരു രേഖാമൂലമായൊ ഷെയ്ക്ക് അബ്ദുള്ളയിൽനിന്നും ജെസ്സ് ഹൈമിക്ക് ലഭിക്കുകയുണ്ടായെന്നു് മിസ്സിസ് മേനോൻ പ്രകാശ്വീർ ശാസ്ത്രിയോടു പറഞ്ഞു.

സൌദ് രാജാവ് ഷേകിനെ സ്വീകരിച്ചു

അമ്മാൻ, മേ. 4

ഷേക് അബ്ദുള്ളയെ, സൌദി അറേബിയയിലെ ഹെയ്സൽ രാജാവ് സ്വീകരിക്കുകയും ഹൃദ്യമായി സ്വാഗതം ചെയ്കയും ചെയ്തതായി മെക്ക റേഡിയൊ റിപ്പോർട്ടുചെയ്തു. കൂടിക്കാഴ്ചയുടെ വിശദവിവരങ്ങളൊന്നും റേഡിയൊ നല്കുകയുണ്ടായില്ല.

ഡൊമിനിക്കൻ വിപ്ലവം

1500 മൃതദേഹങ്ങൾ ചിതറിക്കിടക്കുന്നു

ഇതു് കയ്യംകെട്ടിയിരുന്നുകാണാൻ ഉദ്ദേശിക്കുന്നില്ലെന്നു് പ്രസിഡണ്ടു് ജോൺസൺ

[റോയിട്ടർ] വാഷിംഗ്ടൺ, മെയ് 4

പശ്ചിമാർദ്ധഗോളത്തിൽ കമ്യൂക്കം ഒരു ഭരണകൂടംസ്ഥാപിക്കുന്നതു് ഉൾത്തൊൽക്കാനാവില്ലെന്നും കയ്യംകെട്ടിയിരുന്നു കാണാൻ ഉദ്ദേശിക്കുന്നില്ലെന്നും പ്രസിഡണ്ടു് ജോൺസൺ ഒരു ടേഡ്യൂണിയൻ സംഘത്തോടു് കഴിഞ്ഞരാത്രി പ്രസ്താവിച്ചു.

സാന്തോ ഡൊമിങ്കോയിലെ തെരുവുകളിൽ 1500 മൃതദേഹങ്ങൾ ചിന്നിച്ചിതറിക്കിടക്കുകയാണെന്നും അവ വഹിച്ച ഒരു പകർച്ചവ്യാധിയുടെ ഭീഷണി ഉയർത്തുന്നുണ്ടെന്നും പ്രസിഡണ്ടു് പറഞ്ഞു.

അമേരിക്കയുടേയും വിദേശീയരുടേയും ജീവരക്ഷാർത്ഥം കഴിഞ്ഞരാത്രികൊണ്ടു് 14,000 അമേ. ഭടന്മാർ ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ എത്തിയിട്ടുണ്ടെന്നു് അദ്ദേഹം വെളിപ്പെടുത്തി. അമേരിക്കൻപൌരന്മാരുടെ ജീവിതം അപകടത്തിലാക്കാൻ കമ്യൂക്കം തുനിഞ്ഞാൽ എവിടെ അമേരിക്കരുണ്ടോ അവിടെ അമേപതാകയും അവരെ സംരക്ഷിക്കാൻചെന്നെത്തും. കമ്യൂക്കം ആക്രമണം അവസാനിപ്പിക്കുന്നില്ലെങ്കിൽ ഉക്ഷിണവിയറ്റ്നാമിലുംഅമേരിക്കയുദ്ധം തുടരുകതന്നെചെയ്യും. അമേരിക്കക്കാർ പരസ്പരം തർക്കിച്ചു കഴിയണമെന്നാണു് നമ്മുടെ ശത്രുക്കളുടെ മോഹം. ഉക്ഷിണപൂർവ്വേഷ്യയിൽനിന്നും പിൻവാങ്ങാൻ പ്രസിഡണ്ടിനെപ്പറ്റി അറിഞ്ഞകൂടാ. ആക്രമണം നിലയ്ക്കുന്നതുവരെ പിൻവാങ്ങാൻ അദ്ദേഹം തയ്യാറില്ല.

നല്ലപിന്തുണയുണ്ടെന്നു് ജൂവാൻബോഷ്

(റോയിട്ടർ) സാൻജുവാൻ, മെയ് 3

25,000 സായുധ സിവിലിയന്മാർ താൻ വീണ്ടും അധികാരത്തിൽ വരുന്നതിനു് പിന്തുണനൽകുന്നുണ്ടെന്നു് സ്ഥാനഭ്രഷ്ടനായ ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടു് ഡോ. ജൂവാൻ ബോഷ് ഇന്നിവിടെവച്ചു പ്രസ്താവിച്ചിരിക്കുന്നു. സാന്തോ ഡൊമിങ്കോനഗരത്തിന്റെ കേന്ദ്രമേഖല തന്റെ അനുകൂലികളുടെ അധീനത്തിലാണെന്നു് നാട്ടുകാര്യത്തപ്പെട്ട് ഇവിടെ കഴിയുന്ന അദ്ദേഹം പത്രലേഖകരോടു പറഞ്ഞു: ഈ ഭാഗത്താണു് അന്താരാഷ്ട്രീയ ടെലഫോൺ എക്സ്ചേഞ്ചും നിലകൊള്ളുന്നതു്. തെറ്റായ വിവരങ്ങളെ അടിസ്ഥാനമാക്കിയാണു് പ്രസിഡണ്ടു് ജോൺസൺ അങ്ങോട്ടേയ്ക്കു് സൈന്യത്തെ അയച്ചതെന്നു് അദ്ദേഹം വിമർശിച്ചു.

ബോഷ് അനുകൂലവിപ്ലവസേനകൾ ടീയർഗ്യാസിന്റേയും വിമ്മിഷ്ടമുണ്ടാക്കുന്ന മറ്റ് ചില വാതകങ്ങളുടേയും ഒരു വമ്പിച്ച സപ്ലൈ ഡൊമിനിക്കൻ പൊലീസ് ഹെഡ്ക്വാർട്ടേഴ്സിൽനിന്നും കയ്യടക്കിയെന്നും സാന്തോ ഡൊമിങ്കോയിലെ അമേ. പട്ടാളത്തിനെതിരായി അതു് ഉപയോഗിക്കുമെന്നു് ഇപ്പോൾ ഭീഷണിപ്പെടുത്തിവികയാണെന്നും സാന്തോ ഡൊമിങ്കോയിൽനിന്നു ലഭിച്ച ഒരു റിപ്പോർട്ടിൽ പറയുന്നു.

ലാറാറിനമേരിക്കൻ രാഷ്ട്രങ്ങൾക്കിടയിൽ പിളർപ്പു്

(റോയിട്ടർ) വാഷിംഗ്ടൺ, മെ. 4

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ അമേരിക്ക സ്വീകരിച്ച ഏകപക്ഷീയമായ നടപടി അവസാനിപ്പിക്കാൻ ചിലി ആവശ്യപ്പെട്ടിരിക്കുന്നു.

അമേരിക്കൻ രാഷ്ട്രസംഘടനയുടെ [ഒ. എ. എസ്] മീറ്റിങ്ങിൽ കൌൺസലിന്റെ ജനറൽ കമ്മാറിക്ക സമർപ്പിച്ച ഒരു കരട്പ്രമേയത്തിലാണു് ചിലിയുടെ ആവശ്യം ഉൾക്കൊള്ളുന്നതു്.

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ സേവനമനുഷ്ഠിക്കാൻ ലാറാറിനമേരിക്കൻ രാഷ്ട്രങ്ങൾ പട്ടാളത്തേയോ പൊലീസിനേയോ അയയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് അമേരിക്ക ഇന്നലെ സമർപ്പിച്ച ഒരു പ്രമേയത്തിനു ബലമായിട്ടാണു് നിരീക്ഷകർ ചിലിയുടെ ഈ പ്രമേയത്തെ കാണുന്നതു്. അമേരിക്കൻ പ്രമേയത്തെ അഞ്ചു് ലാറാറിനമേരിക്കൻ രാഷ്ട്രങ്ങളെങ്കിലും ശക്തിയായി എതിർക്കുന്നുണ്ടു്. അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ മൂന്നിൽ രണ്ടു് ഭൂരിപക്ഷം കിട്ടാൻ സാദ്ധ്യതയില്ലെന്നാണു് നയതന്ത്രവൃത്തങ്ങളുടെ അഭിപ്രായം.

ഡൊമിനിക്ക

ഇടുക്കി പദ്ധതിയുടെ നിർമ്മാണം നിർത്തിവെയ്ക്കുന്നു

കേരളത്തോടുള്ള കേന്ദ്രത്തിന്റെ അവഗണനയും അല്പംപോലും അയവില്ലെന്നും

തിരുവനന്തപുരം, മെ. 4

കേന്ദ്രഗവമെന്റും സഹീകരിച്ചിരിക്കുന്ന സഹായകരമല്ലാത്ത നിലപാടുമൂലം ഇടുക്കി പദ്ധതിയുടെ മൂന്നാം പദ്ധതിക്കാലത്തു് ഇനിയുള്ള പണി മുഴുവൻ നിർത്തിവയ്ക്കുവാൻ ഇലക്ട്രിസിറ്റി ബോർഡ് നിർബന്ധിതരായിരിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു.

ഈ പദ്ധതിയുടെ പ്രാഥമിക പണികൾ ഇപ്പോൾ നടന്നുവരുന്നതുപോലും നിർത്തിവയ്ക്കുണ്ടി വരുന്നവിധം ഇടുക്കിക്കുവേണ്ടി മൂന്നാംപദ്ധതിയുടെ അവസാനവർഷം വിലവഴിക്കേണ്ടപണം പോലും മറ്റു് പദ്ധതികൾക്കു് തിരിച്ചുവിടാൻ ഫണ്ടിന്റെ അഭാവംമൂലം അധികൃതർ നിർബന്ധിതരായിരിക്കുകയാണിപ്പോൾ.

ഇടുക്കിയിലെ പ്രാഥമിക ജോലികൾക്കുവേണ്ടി ഏതാണ്ടു് 4 കോടി രൂപയാണു് മൂന്നാംപദ്ധതിക്കാലത്തു് അനുവദിക്കപ്പെട്ടിരുന്നതു്. അതിന്റെ 75 ശതമാനത്തോളം ഇതിനകം ചെലവുചെയ്തുകഴിഞ്ഞു. റോഡുകൾ, സ്റ്റാഫ്കാർട്ടേഴ്സുകൾ എന്നിവയും കളമശ്ശേരിയിൽ ഒരു കോളനി, പവർഹൗസ് സൈറ്റിലെ പണികൾ തുടങ്ങിയവയും മൂലമറ്റം കോളനിയുടെ പണികൾ എന്നിവയും ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണിപ്പോൾ. നാലാം പദ്ധതിക്കാലത്തുമാത്രം ഇനി ഇടുക്കിയുടെ പണി മുന്നോട്ടുനീങ്ങുമെന്ന പ്രതീക്ഷ മാത്രമാണ് മേൽഘടകങ്ങൾക്കു് അധികൃതർക്കു് ഇപ്പോഴുള്ളതു്.

മൂന്നാംപദ്ധതിയിൽ പ്രൊജക്ടിന്റെ മറ്റു പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ഇലക്ട്രിസിറ്റി ബോർഡ്/ചെയർമാൻ ചണ്ണയർ ഉടനെ ഡൽഹിക്കുപോകുന്നതാണു്, അദ്ദേഹം ഇയ്യാഴ്ചയിൽ കേരള എം. പി. മാരുമായും പ്രധാനിൻ ഗൗരവവും മനസ്സിലാക്കിക്കുവരെക്കണ്ടും അധികൃതരോടു് സംസാരിക്കുന്നതാണു്.

ഇടുക്കിയുടെ കാര്യത്തിൽ ഗവർണ്ണർ ശ്രീ. ജയിനും പ്രത്യേക തൽപ്പരനാണു് എന്നകാര്യവും കൂടുതൽ അനുവദിച്ചുകിട്ടുമെന്ന പ്രതീക്ഷയിൽതന്നെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ മുന്നോട്ടു പൊയ്യുണ്ടെന്നും അറിയുന്നു. എന്നു് ബന്ധപ്പെട്ട വകുപ്പുകൾ പറഞ്ഞു. സ്വ. ലേ

വൈ. സി. ഡബ്ല്യു. വിന്റെ 2 പുതിയ കേരളാ സ്റ്റഡിക്ലാസ്സുകൾ

ആലപ്പുഴ, മേ. 3

യുവാക്കൾക്കുവേണ്ടി തൊഴിലാളി പ്രസ്ഥാനത്തിന്റെ (വൈ. സി. ഡബ്ല്യു.) രണ്ടു പുതിയ കേരളാ സ്റ്റഡിക്ലാസ്സുകൾ മേയ് 2-നു തിയതി ഞായറാഴ്ച ആലപ്പുഴയിലും തിരുവനന്തപുരത്തും ആരംഭിക്കുന്നു. ഈ ക്ലാസ്സുകളിൽ വൈ. സി. ഡബ്ല്യു. പ്രസിഡണ്ടു് എം. വി. സേവ്യർ സ്വാഗതം ആശംസിച്ചു. യോഗത്തിൽ വൈ. സി. ഡബ്ല്യു. ഏഷ്യൻ സെക്രട്ടറി റെൻസി രൂപ്സിംഗ് അദ്ധ്യക്ഷതവഹിച്ചു. കാർഗനൈസർ എ. ഗോവിന്ദൻ നായർ, ജി. സേവ്യർ, മദ്രാസ് റീജിയനൽ ചെയർമാൻ റവ. ഫാ. തോമസ് ജോസഫ് എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു.

9-30നു് "ഞാനടിനജീവിതവും പ്രേഷിതത്വവും" എന്ന വിഷയത്തെക്കുറിച്ചു് വക്ക്ഷോപ്പുകളും നടത്തപ്പെട്ടു. 11-30നു് നടന്ന ജനറൽ സെഷനിൽ വെച്ചു് വക്ക്ഷോപ്പുകളുടെ റിപ്പോർട്ടുകളും വായിക്കപ്പെട്ടു.

ഉച്ചകഴിഞ്ഞു് 2 മണിയ്ക്കാരംഭിച്ച സമ്മേളനത്തിൽ ആലപ്പുഴ വൈ. സി. ഡബ്ല്യു. ചാപ്ലിൻ റവ. ഫാ. ഡേമിനിക്കു് കോയിൽപ്പറമ്പിൽ "പ്രവർത്തനത്തിലൂടെ പരിശീലനം" എന്ന വിഷയത്തെക്കുറിച്ചു് ഒരു പ്രസംഗം നടത്തി. പിന്നീടു് "സെൽസമ്മേളനത്തിന്റെ ആവശ്യകത"യെക്കുറിച്ചു് എൻ. വി. പീറ്റർ പ്രസംഗിച്ചു.

4-15നു് നടത്തപ്പെട്ട അവസാന സമ്മേളനത്തിൽ സ്റ്റഡിക്ലാസിൽ സംബന്ധിച്ച ഓരോ തൊഴിലാളിയും സ്റ്റഡിയെക്കുറിച്ചൊരു അവലോകനം നടത്തുകയുണ്ടായി. ദിവ്യബലിയോടുകൂടെ സ്റ്റഡിക്ലാസ്സു് സമാപിച്ചു.

വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിനു് ഏപ്രിൽ 29 മുതൽ മേയ് 3വരെ മരോട്ടിച്ചുവട് സ്റ്റഡിയും നടത്തപ്പെട്ടു.

.....

ഗ്രാമസഹായക ക്യാമ്പും കെട്ടിടം ഉൽഘാടനവും

[സ്വ ലേ] ചമ്പക്കുളം, മേ. 3

ചമ്പക്കുളം സ്റ്റേജ് 2 ബ്ലോക്കിനേയും 1256-നമ്പർ വില്ലേജ് സർവ്വീസ് സഹകരണസംഘത്തിനേയും, ചമ്പക്കുളം പഞ്ചായത്തിനേയും സംയുക്താഭിമുഖ്യത്തിൽ സ്ഥലം സേക്രട്ടറി ഹാട്ട് സ്റ്റുളിൽ വെച്ചു് ഒരു ശിശിനഗ്രാമസഹായക പരിശീലനക്യാമ്പു് നടന്നിരുന്നു.

ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ചു് സംഘടിപ്പിച്ച സമ്മേളനത്തിൽവെച്ചു് ചമ്പക്കുളം വില്ലേജ് സർവ്വീസ് സഹകരണസംഘത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ ഉൽഘാടനം വെ. റവ. ഫാദർ മാത്യു സി. എം. ഐ. യുടെ അദ്ധ്യക്ഷതയിൽ ചേന്ന യോഗത്തിൽ വെച്ചു് സഹകരണസംഘം ഡെപ്യൂട്ടി രജിസ്റ്റർ നിർവ്വഹിച്ചിരിക്കുന്നു.

സർവ്വീസ് സഹകരണസംഘങ്ങളിൽ എല്ലാ കർഷകരും അംഗത്വമെടുക്കണമെന്നും, അവിടെനിന്നും വായ്പ എടുക്കുന്ന കർഷകൻ അവന്റെ ഉൽപ്പന്നങ്ങൾ അതു വഴിതന്നെ വിപ്പാൻ സമ്മതിക്കുകാണിച്ചാൽ ഉൽപ്പന്നത്തിനു ന്യായമായ വില ലഭിക്കുമെന്നും, കർഷകൻറെ മിച്ചമുള്ള പണം സർവ്വീസ് സഹകരണസംഘങ്ങളിൽ നിക്ഷേപിക്കാനുള്ള പ്രവണത വളർത്തിയെടുക്കണമെന്നും അതുവഴിയായി രാജ്യത്തിനും സമൂഹത്തിനും ക്ഷേമം കൈവരിക്കുവാൻ സാധിക്കുമെന്നും കെട്ടിടത്തിന്റെ ഉൽഘാടനകർമ്മം നടത്തികൊണ്ടു് സംസാരിക്കവേ ഡെപ്യൂട്ടി രജിസ്റ്റർ അഭിപ്രായപ്പെട്ടു.

ശ്രീ. കെ. പി. അനന്തനാരായണൻ യോഗത്തിൽ സംസാരിച്ചു. യോഗാനന്തരം സിനിമാപ്രദർശനവുമുണ്ടായിരുന്നു.

.....

കോട്ടയത്തു് ഒരു അഖിലകേരള നാടക സെമിനാർ നടത്തപ്പെടുന്നു

അമ്പതോളം നാടകകലാപ്രവർത്തകർ പങ്കെടുക്കും

കോട്ടയം, മെയ് 4

നവരംഗിന്റെ ആഭിമുഖ്യത്തിൽ മെയ് 11, 12, 13 എന്നീ തീയതികളിൽ കോട്ടയം മാമ്മൻമാപ്പിളഹാളിൽവച്ചു് ഒരു അഖിലകേരള നാടകസെമിനാർ നടക്കുന്നതാണു്.

കേരളത്തിലുള്ള എല്ലാ പ്രമുഖ നാടകസമിതികളുടെയും നടീനടന്മാരും സംവിധായകരും നാടകകലാപണ്ഡിതന്മാരും ഈ സെമിനാറിൽ പങ്കെടുക്കും. 'കേരളത്തിനു് ഒരു പുതിയ നാടകവേദി' എന്നതാണു് സെമിനാർ ചർച്ചചെയ്യുന്ന പൊതുവായ വിഷയം. ഇതിൽ നാടകരചന, നാടകസംവിധാനം, നാടകാസ്വാദനം, ലിറിക്കൽ തിയേറ്റർ എന്നീ വിഷയങ്ങളെപ്പറ്റിയുള്ള പ്രബന്ധങ്ങളും യഥാക്രമം എം. കെ. സാനു, പി. കെ. വേണുക്കുട്ടൻനായർ, കെ. രാമചന്ദ്രൻനായർ, ഡി. എൽ. ശ്രീകുമാരൻനായർ എന്നിവർ അവതരിപ്പിക്കുന്നതുമാണു്. യശശ്ശരീരനായ പി. കെ. വിക്രമൻനായർ എഴുതിയ 'അമ്പലവർനടൻ' എന്ന പ്രബന്ധവും സെമിനാറിൽ ചർച്ചചെയ്യുന്നതാണു്. ജി. കുമാരപിള്ള, രാജു, പി. സി. കുട്ടിക്കൃഷ്ണൻ, എൻ. കൃഷ്ണപിള്ള എം. ഗോവിന്ദൻ എന്നിവരടങ്ങിയ ചർച്ചാസമ്മേളനങ്ങളുടെ അദ്ധ്യക്ഷന്മാർ ആധുനികജപ്പാൻ നാടകവേദി, ആധുനികയൂറോപ്യൻ നാടകവേദി, ആധുനികഅമേരിക്കൻ നാടകവേദി എന്നീ വിഷയങ്ങളെ അധികരിച്ചു് ശ്രീ. കെ. രാഘവപണിക്കർ, ജി. ശങ്കരപ്പിള്ള മുതലായവരും (മദ്രാസ്) പ്രബന്ധം സെമിനാറിൽ അവതരിപ്പിക്കും. ഇവരെ കൂടാതെ സുകുമാർ അഴീക്കോടു്, ടി. ആർ. സുബ്രഹ്മണ്യൻനായർ, ശങ്കരപ്പിള്ള, തോപ്പിൽ ഭാസി, കെ. പി. മുഹമ്മദ്, എൻ. എൻ. പിള്ള, എ. പി. ഉദയഭാനു, ടി. കെ. നാരായണൻ, ഓ. മാധവൻ, കുട്ടമ്പേരൂർ നാരായണൻ, കെ. സുലോചന, മായാ പൊന്നമ്മ, പി. കെ. വിക്രമൻനായർ, പി. കേശവദേവ് തുടങ്ങി അമ്പതോളം നാടകപ്രവർത്തകരും വിദഗ്ധന്മാരും സെമിനാറിൽ മൂന്നുദിവസവും പങ്കെടുക്കുന്നതാണു്.

സെമിനാറിനോടനുബന്ധിച്ചു് നവരംഗ 'നഷ്ടക്കച്ചവടം' എന്ന നാടകവും തിരുവനന്തപുരം കലാവേദി 'സർവ്വംസഹ' എന്ന നാടകവും അവതരിപ്പിക്കുന്നതാണു്.

സെമിനാറിന്റെ നടത്തിപ്പിനായി ശ്രീ. സി. എൻ. ശ്രീകണ്ഠൻനായർ ചെയർമാനായും ശ്രീ. സി. കെ. മണി ശ്രീ. മുകുന്ദമേനോൻ എന്നിവർ സെക്രട്ടറിമാരായും ഒരു നിർവ്വാഹകസമിതി പ്രവർത്തിച്ചുവരുന്നു.

....

മോട്ടോർ തൊഴിലാളികളുടെ പ്രശ്നങ്ങൾ

പൂരംകഴിഞ്ഞാൽ പരിഹരിക്കാമെന്നു്

കണ്ണശ്ശാംകടവ് മേയ് 4

കാഞ്ഞണി മോട്ടോർ യൂണിയനിൽപ്പെട്ട തൊഴിലാളികളും ബസ് ഉടമകളും കൊത്തു ഡിമാൻറ്നോട്ടീസിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണർ ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുചേർക്കുകയുണ്ടായി.

പ്രസ്തുത സമ്മേളനത്തിൽ ഹാജരായ ഉടമകളുടെപ്രതിനിധിതൊഴിലാളികളും പറയുന്നനിയമത്തിലുറച്ചുനിന്നുകൊണ്ടു് പരിഹാരത്തിനുവേണ്ടി പരിശ്രമിക്കുവാൻ ഒരു മാസത്തെ അവധി താൽക്കാലികമായി ആവശ്യപ്പെട്ടു. തൃശ്ശൂർപൂരം കഴിഞ്ഞാലുടനെ പ്രശ്നത്തിനു് പരിഹാരം കണ്ടെത്താമെന്നു് ലേബർ കമ്മീഷണർ നിർദ്ദേശിച്ചു.

ലോകം തോക്കുകൊണ്ടു് പുതുക്കിപ്പണിയുവാനുള്ള മാവോയുടെ മോഹം

1945-ൽ പ്രസിദ്ധീകരിച്ച "ആധുനികചൈനയുടെ സംക്ഷിപ്തപരിശ്രമം" എന്ന പുസ്തകത്തിൽ ചേർത്ത തികച്ചും നിരുപദ്രവമെന്നു തോന്നിക്കുന്ന ഒരു ഭൂപടത്തിലാണു് ചൈനയുടെ ഭൂസംബന്ധമായ ഉത്തമോഹങ്ങളുടെ സൂചന ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. 'നിരവധി കൊല്ലങ്ങൾക്കിടയിൽ' ചൈനയ്ക്കു നഷ്ടപ്പെട്ട പ്രദേശങ്ങളും പ്രസ്തുത ഭൂപടത്തിൽ കാണിച്ചിരുന്നു. ബ്രട്ടൻ, ബർമ്മ, കംബോഡിയ, ഇൻഡോനേഷ്യ, ഉത്തരകൊറിയ, ലാവോസ്, മലയ, നേപ്പാൾ, സിക്കിം, ഭൂട്ടാൻ മംഗോളിയ, ഫിലിപ്പീൻസിലെ നാലുദ്വീപുകൾ, റിക്യൂദ്വീപുകൾ, ഇന്തോനേഷ്യയിലെ ആസ്സാം കാഷ്മീരിന്റെ ഒരു ഭാഗം, ഉത്തര-പൂർവ്വ അതിർത്തിപ്രദേശം, സോവിയറ്റ് യൂണിയന്റെ വിശാലമായ ഭാഗങ്ങൾ, തയ്വാൻ, തായ്ലണ്ടു്, ഉത്തരവിയറ്റ്നാം, ഇൻഡോനേഷ്യയുടെ ഭൂപടത്തിൽ കാണിച്ചിരുന്നു. ഇതിനെല്ലാം പുറമെ ഭൂപടത്തിൽ ഇന്ത്യയുടെ ഭൂരിഭാഗവും ചൈനയുടെ ഭൂപടത്തിൽ ഉൾപ്പെടുത്തിയിരുന്നു.

ഈ ഭൂപടം പുറത്തുവന്നതിനുശേഷവും പിന്നും മാവോ നടത്തിയ പ്രഖ്യാപനങ്ങളും പ്രസ്താവനകളും ഈ ലക്ഷ്യത്തിലേക്കു് വിരൽചൂണ്ടിയിരുന്നു. 1936-ൽ അധികാരത്തിൽ വന്നതിനു 13 കൊല്ലംമുമ്പു് മാവോ പ്രസ്താവിക്കുകയുണ്ടായി: "ചൈനീസ് വിപ്ലവത്തെ നാം അതിന്റെ പൂർണ്ണതയിലെത്തിക്കും. പൗരസ്ത്യദേശത്തും ലോകമെങ്ങും ഉള്ള വിപ്ലവത്തിൽ ഉറച്ചവിശ്വാസമുള്ള സ്വാധീനം ചെലുത്തുകയും ചെയ്യും". വർഗ്ഗങ്ങളും തമ്മിലും രാഷ്ട്രങ്ങളും തമ്മിലും, രാജ്യങ്ങളും തമ്മിലും, രാഷ്ട്രീയ സമ്പ്രദായങ്ങളും തമ്മിലുമുള്ള വൈരുദ്ധ്യങ്ങൾ അവസാനിപ്പിക്കുന്ന സമരത്തിന്റെ പരമകാഷ്ഠയാണു് യുദ്ധമെന്നു് അദ്ദേഹം വ്യക്തമാക്കി.

1949-ൽ ചൈനയിൽ അധികാരത്തിൽ വന്ന ഉടൻതന്നെ മാവോ തന്റെ ദീർഘകാലലക്ഷ്യമായ ലോകമേധാവിത്വം സ്ഥാപിക്കുന്നതിനു് പ്രഥമ നടപടി സ്വീകരിച്ചു. 1950 ജൂണിൽ ആരംഭിച്ച കൊറിയൻയുദ്ധം മാവോയുടെ ശത്രുപ്രകടനത്തിനു് നല്ലൊരു രംഗമായി. ഐക്യരാഷ്ട്രസേനകൂടെ ഉത്തരകൊറിയൻ ആക്രമികളെ തോല്പിച്ചോടിച്ചെങ്കിലും ലക്ഷ്യക്കണക്കിനു ചൈനീസ് സൈന്യവും ഏതാണ്ടു് അത്രയുംതന്നെ ടാങ്കുകളും ഉപയോഗിച്ചു് യുദ്ധം ചെയ്തു. അന്നുതന്നെ തിബത്തു് 'വിമോചിപ്പിക്കാൻ' നുള്ള പദ്ധതി പീക്കിംഗ് പ്രഖ്യാപിച്ചു. അല്പം മാസങ്ങൾക്കകം അതു നടപ്പാക്കാൻ ചൈനയ്ക്കു് യാതൊരു വിഷമവും അനുഭവപ്പെട്ടില്ല.

തിബത്ത്-വലിയൊരു തടങ്കൽ ക്യാമ്പു്

തിബത്തു മുഴുവൻ ശരിക്കുമൊരു തടങ്കൽ ക്യാമ്പായി മാറി. 1959ലെ ബുധകലാപം ചൈനീസ് സൈന്യം അടിച്ചമർത്തി. നിരപരാധികളായ ആയിരക്കണക്കിനു് തിബത്തുകാർ കൂട്ടക്കൊല ചെയ്യപ്പെട്ടു. "സാമ്രാജ്യത്വത്തേയും കൊളോണിയലിസത്തേയും എതിർക്കുന്നവെന്നു് അവകാശപ്പെടുന്ന അതേ കൂട്ടർ തന്നെ നടത്തിവരുന്ന ഏറ്റവും ഹീനമായ സാമ്രാജ്യത്വവും കൊളോണിയലിസവുമാണു്" തിബത്തിലെ പീക്കിംഗ് ഭരണമെന്നു് അവിടത്തെ സ്ഥിതിഗതികൾ അന്വേഷിച്ച അന്താരാഷ്ട്രീയ ജൂറിസ്റ്റു് കമ്മീഷൻ പ്രസ്താവിച്ചിട്ടുണ്ടു്.

അട്ടിമറിയും ഭീകരഭരണവും ഗറില്ലായുദ്ധവും ഉടലെടുത്ത പീക്കിംഗിനെതിരെ ബഹുമുഖപ്രസ്ഥാനത്തിന്റെ ആദ്യത്തെ രൂപമെടുത

കോർപ്പറേഷനൊന്നും തങ്ങൾക്കാവശ്യമില്ല

ഫോർട്ടുകൊച്ചി നഗരസഭയുടെ പ്രമേയം

(സ്വന്തം ലേഖകൻ] കൊച്ചി, മെ. 4

എറണാകുളം, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി എന്നീ മുനിസിപ്പാലിറ്റികൾ കൂട്ടിച്ചേർത്ത് ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ടുള്ള ഗവണ്മെന്റു നീക്കത്തിൽ ആശങ്ക പ്രകടിപ്പിക്കുന്ന ഒരു പ്രമേയം ശ്രീ കെ. ജെ. ഹർഷലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഫോർട്ടുകൊച്ചി നഗരസഭാ യോഗം അംഗീകരിച്ചിരിക്കുന്നു.

നിർദ്ദിഷ്ട കോർപ്പറേഷൻ തികച്ചും അശാസ്ത്രീയവും അപ്രായോഗികവും മാത്രമാണെന്നും പ്രമേയത്തിൽ എടുത്തുപറയുന്നു.

നിലവിലുള്ള കോർപ്പറേഷൻറെ മൊത്തലെടുപ്പു വെറും 43 ലക്ഷം ഉറുപ്പിക യാണെന്നിരിയ്ക്കെ ആ കോർപ്പറേഷൻ യാതൊരുവിധ സാമ്പത്തികസാധ്യതയും ഇല്ലാത്തതാണെന്ന് വ്യക്തമാണ്. അങ്ങിനെ തികച്ചും ഉപയോഗശൂന്യമായ ഒരു സ്ഥാപനം ജനങ്ങളുടെ തലയ്ക്കുവെച്ചുകെട്ടുകമാത്രമായിരിക്കും ഗവണ്മെണ്ടിന്റെ അനവസരത്തിലുള്ള ഈ നടപടിയുടെ ഫലമെന്ന കൗൺസിൽ ചൂണ്ടിക്കാണിക്കുന്നു. യാതൊരു തത്വദീക്ഷയുമില്ലാതെ സമീപസ്ഥലങ്ങളിലെയും കണ്ണായ വിവേകശൂന്യമായ ഈ നടപടിയിൽ കൗൺസിലിനുള്ള ശക്തിയായ ഖേദം പ്രകടിപ്പിക്കുകയുണ്ടായി.

ഒരു കോടി എഴുപത്തഞ്ചുലക്ഷം ഉറുപ്പിക വരുമാനമുള്ള മധുരയും അതുപോലെതന്നെ പ്രധാനപ്പെട്ടങ്ങളായ തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, സേലം തുടങ്ങിയ മുനിസിപ്പാലിറ്റികളും (അവയ്ക്കും ഒരു കോടിയിൽപരം ഉറുപ്പിക വീതം മുതലെടുപ്പുണ്ട്) ഇന്നും മുനിസിപ്പാലിറ്റികളായി തുടരുവാൻതന്നെ മദിരാശി ഗവണ്മെണ്ടുതന്നെ തീരുമാനിക്കുന്നതിന്റെ കാരണം പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇപ്പോൾ കോർപ്പറേഷനാവേണ്ടി നിശ്ചയിച്ചിട്ടുള്ള അതിർത്തികൾ പരിശോധിക്കുമ്പോൾ അതിലും പാകപിഴവുകൾ കാണുന്നുണ്ടെന്ന് നഗരസഭ ചൂണ്ടിക്കാട്ടി. എറണാകുളം പട്ടണം ശ്രീ ശാസ്ത്രപരമായി മട്ടാഞ്ചേരി ഫോർട്ടുകൊച്ചി പ്രദേശത്തുനിന്നും നാലുമൈൽ ദൈർഘ്യമുള്ള ഒരു കായലാൽ വേർപെടുത്തികിടക്കുന്ന ഭാഗമാണ്. ഇത്തരത്തിലുള്ള ഭൂവിഭാഗങ്ങളും കൂട്ടിച്ചേർത്ത് ഒരു കോർപ്പറേഷൻ ഉണ്ടാക്കിയാൽ ഈ ദേശവാസികൾക്കുണ്ടാകാവുന്ന നിരവധി ബുദ്ധിമുട്ടുകളും പ്രമേയത്തിൽ ചൂണ്ടികാണിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യങ്ങളാൽ അശാസ്ത്രീയമായ ഈ കോർപ്പറേഷൻ രൂപീകരണപരിപാടിയിൽനിന്ന് പിന്മാറണമെന്നും അതുപോലെ കോർപ്പറേഷൻ സ്ഥാപിച്ചേതീരൂ എന്നു ഗവണ്മെണ്ടിനു നിർബ്ബന്ധമാണെങ്കിൽ പ്രതിവർഷം ഒരു കോടി ഉറുപ്പികവീതം 10 കൊല്ലത്തേക്ക് ഗ്രാൻറ് എന്ന നിലയിൽ തരാമെന്നും ഗവണ്മേണ്ടിൽനിന്നു ഉറപ്പുവരിക്കണമെന്നും നഗരസഭ ആവശ്യപ്പെടുകയുണ്ടായി.

....

മിസ്സിസ് ചർച്ചിലിനു് പ്രഭവിസ്ഥാനം

ലണ്ടൻ, മേയ് 3.

ബ്രിട്ടീഷ് പാർലമെന്റിന്റെ ഉപരിസഭയായ പ്രഭുസഭയിൽ ഒരു സ്ഥാനം ലഭിക്കത്തക്കവണ്ണം പരേതനായ സർ വിൻസ്റ്റൺ ചർച്ചിലിന്റെ പത്നിയായ "ഡർച്ചിങ്ങ്". ക്ലെമന്റ്യിനെ ബ്രിട്ടീഷ് ഗവർമ്മെൻറ് ഒരു ആജീവനാന്ത പ്രഭു (ലൈഫ് പിയറസ്സ്) ആക്കിയിരിക്കുന്നു. എക്കാലവും ഒരു "കോമണർ" (കോമൺസ് സഭാംഗം) ആക്കിയിരിക്കുന്നതിനു് പ്രമുഖപദവി വാഗ്ദാനങ്ങൾ പല പ്രാവശ്യവും നിരസിച്ചയാളാണ് ചർച്ചിൽ. പ്രധാനമന്ത്രിയുടെ വസതിയിൽനിന്നുള്ള ഒരു പ്രഖ്യാപനത്തിൽ മിസ്സസ് ചർച്ചിൽ ഈ സ്ഥാനം സ്വീകരിച്ചതായിട്ടാണ് പറയുന്നതു്.

—o—

തുറമുഖത്തൊഴിലാളി യൂണിയൻ ഭാരവാഹികൾ

[സ്വ. ലേ] കൊച്ചി, മേയ് 2

കൊച്ചി തുറമുഖത്തൊഴിലാളിയൂണിയന്റെ അടുത്തവർഷത്തെ ഭാരവാഹികളായി ശ്രീ. എം. കെ. രാഘവൻ (പ്രസിഡണ്ട്) കെ. എച്ച്., സുലൈമാൻ (വൈ. പ്രസിഡണ്ട്) എ. എ. കായിക്കുട്ടി (ജ. സിക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു.

.....

ചെക്കിങ്ങ് ഇൻസ്പെക്ടറെ പിരിച്ചുവിട്ടു

[സ്വ. ലേ] കൊച്ചി, മേയ് 2

എറണാകുളം ജില്ലാസൊസൈറ്റിയുടെ കൊച്ചിയിലെ ചെക്കിങ്ങ് ഇൻസ്പെക്ടർ ആയ മി. പി. എ. അബൂബക്കറിനെ മേയ് 1-ാംതു മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിരിക്കുന്നതായി അദ്ദേഹത്തെ അറിയിച്ചിരിക്കുന്നു. യാതൊരു കാരണവും മി. അബൂബക്കറിന്റെ നേരെയില്ലാതിരിക്കേ ഈ പിരിച്ചുവിടൽ നടപടി ഏതോ സ്വാധീനക്കുറവുകൊണ്ടു കണ്ണുകടുത്തുന്നതിനുവേണ്ടിയുള്ളതാണെന്നാണ് പറയുന്നതു്.

.....

അഫ്ഘാൻ മെഡിക്കൽ പ്രതിനിധിസംഘം കാബൂളിലേയ്ക്കു് മടങ്ങി

ന്യൂഡൽഹി, മേയ് 4

ഇന്ത്യയിൽ 10 ദിവസത്തെ പര്യടനത്തിനുശേഷം അഫ്ഘാനിസ്ഥാനിൽ നിന്നുള്ള അഞ്ചംഗപ്രതിനിധിസംഘം കഴിഞ്ഞ ദിവസം കാബൂളിലേയ്ക്കു് പുറപ്പെട്ടു. ഇന്ത്യയിൽ ഒരു സമഗ്രസാന്ദ്രാരോഗ്യസ്ഥാപനത്തിനുവേണ്ടി പ്രതിനിധി സംഘം, ബോംബെ, കല്ക്കത്ത, മദിരാശി, ഡൽഹി, എന്നിവിടങ്ങളിലെ മെഡിക്കൽ-പൊതുജനാരോഗ്യസ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി. ഔഷധങ്ങളും, ശസ്ത്രക്രിയോപകരണവും എന്നിവയുടെ നിർമ്മാണത്തിൽ പ്രതിനിധിസംഘം അതിയായ താല്പര്യം പ്രകടിപ്പിച്ചു. പിന്ത്രിയിലെ ഹിന്ദുസ്ഥാൻ ആൻറി ബയോട്ടിക്സ്, ഹാഫ്കിൻ ഇൻസ്റ്റിട്ട്യൂട്ട്, സിപ്ലാ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറി എന്നിവയും മാത്രം പല ഔഷധ നിർമ്മാണശാലകളും അവർ സന്ദർശിക്കുകയുണ്ടായി.

....o....

വിവാഹങ്ങൾ

കുന്നംകുളം പരിച്ചു

ശ്രേസ്യ—കൊച്ചുപ്പൻ

ഏനാമക്കൽ, മെയ് 4

പുത്തൻതെരു ദേവസ്സി മകൻ കുന്നംകുളം, വല്ലപ്പാട്ട് പുലവത്തിക്കൽ ലോനപ്പൻ പാറിഞ്ഞും കളത്തിങ്കര ദേവസ്സി മകൻ ശ്രേസ്യയും പാലയൂർ കരുതുകുളങ്ങര ഔസേഫ് കൊച്ചുപ്പനും തമ്മിലുള്ള വിവാഹങ്ങൾ ഏനാമാക്കൽ പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

ജോസ്—മേരി

കുന്നുത്ത് വെള്ളാട്ടുകര വറുത ജോസും, കുറുപ്പുപ്പടി തരകൻ മേലിട്ട് ചാക്കോരുമകൾ മേരിയും തമ്മിലുള്ള വിവാഹം കുന്നംമുള്ളി പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

മേരി—ഫ്രാൻസീസ്

വാലീക്കടം അന്തോണി മകൾ മേരിയും തലക്കോട്ടുകര മാണ്ടൻ വറീയത് ഫ്രാൻസീസും തമ്മിലുള്ള വിവാഹം ഏനാമാക്കൽ പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

പാഞ്ഞാലി—വേലായുധൻ

പുത്തോടം, മെയ് 4

കെണിറോഡരപറമ്പിൽ കുഞ്ഞൻ മകൻ വേലായുധനും, പാറപ്പുറത്ത് വേലായുധൻ മകൾ പാഞ്ചാലിയും തമ്മിലുള്ള വിവാഹം ഇന്ന് സമംഗളം നടന്നിരിക്കുന്നു. വിവാഹത്തോടനുബന്ധിച്ച് വരന്റെ ഗൃഹത്തിൽ നടത്തിയ സദ്യയിൽ കുടുംബാധിപൻ പോർ പങ്കെടുത്തു.

ശങ്കരൻ—രാധാമണി

ശാന്തകുമാരി—ഉണ്ണി

മേല്പുത്തൂർ, മെയ് 3

പല്ലുത്തുരുത്ത് വേലായുധന്റെ പുത്രൻ ശങ്കരനും (കരുവിലശ്ശേരി) പ്ലാവിടപറമ്പിൽ മാടിയുടെ പുത്രി രാധാമണിയും (പല്ലാക്കര) തമ്മിലും പല്ലുത്തുരുത്തു വേലായുധന്റെ പുത്രി ശാന്തകുമാരിയും, കാങ്കരമ്പിൽ കിട്ടകുട്ടിയുടെ പുത്രൻ ഉണ്ണിയും (രാപ്പാടം) തമ്മിലുള്ള വിവാഹങ്ങളും വധൂഗൃഹങ്ങളിൽവെച്ച സമംഗളം നടന്നിരിക്കുന്നു.

ഓമന—ഉണ്ണി

ചക്കാപറമ്പു, മെയ് 4

പല്ലുത്തുരുത്ത് കട്ടപ്പുന്നൻ പുത്രി ഓമനയും (പക്കാംപറമ്പു) പെരുമ്പിലിശ്ശേരി രാഘവുണ്ണിയുടെ പുത്രൻ ഉണ്ണിയും തമ്മിലുള്ള വിവാഹം ഗുരുവായൂർ ക്ഷേത്രത്തിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

ചാക്കോ—പ്രമേന

അമ്പഴക്കാട്, മെയ് 4

കാച്ചപ്പിള്ളി ചുമ്മാറിന്റെ പുത്രൻ ചാക്കോയും (അമ്പഴക്കാട്) എലുവത്തിങ്കൽ കുമാൻ ദേവസ്സിയുടെ പുത്രി പ്രമേനയും (അമ്പഴക്കാട്) തമ്മിലുള്ള വിവാഹം അമ്പഴക്കാട് ഫൊറോനാപള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

—

മൂലധനം സ്വരൂപിക്കാൻ അഞ്ചു കമ്പനികൾക്കു് അനുവാദം നൽകി

ന്യൂഡൽഹി, മെയ് 4

മൊത്തം 1.21 കോടി രൂപയുടെ മൂലധനം സ്വരൂപിക്കാൻ അഞ്ചു കമ്പനികൾക്കു് ഇന്ത്യാഗവണ്മെണ്ടു് അനുവാദം നൽകിയിരിക്കുന്നു.

ബോംബെയിലെ സാസൂൺ ആൻഡ് അലയൻസ് സിൽക്ക് മിൽ കമ്പനി ലിമിറ്റഡ്, ജി. ജി. ഡേങ്കർ മെഷീൻ വർക്സ് ലിമിറ്റഡ്, ബ്രാഡി ആൻഡ് മോറിസ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കല്ക്കത്തയിലെ ശ്രീ. ഹനുമാൻ ഷുഗർ ആൻഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, മദിരാശിയിലെ സോവറിൻ സ്പിന്നിംഗ് ആൻഡ് വീവിങ്ങ് മിൽസ് ലിമിറ്റഡ് എന്നിവയാണ് കമ്പനികൾ.

—

അണക്കെട്ടുകളുടെ പ്രൊജക്ട് പ്രദേശങ്ങളും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളാക്കണം

വന്യമൃഗ സംരക്ഷണ ബോർഡിന്റെ തീരുമാനം— ടൂറിസ്റ്റുകളുടെ സൌകര്യത്തിനു പീച്ചിയിലും നെയ്യാറിലും ബോട്ടുകൾ ഏർപ്പെടുത്തുന്നു

സ്വ. ലേ. തേക്കടി, മെ. 4

നാലാം പഞ്ചവത്സരപദ്ധതിയിൽ നാഷണൽ പാർക്കായി ഉൾപ്പെടുത്തിയിട്ടുള്ള തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ അഡൈവസർ ശ്രീ. ആർ. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞദിവസം തേക്കടി വൈൽഡ് ലൈഫ് പ്രിസർവേഷൻ ആഫീസിൽ ചേർന്ന സംസ്ഥാന വന്യമൃഗ സംരക്ഷണബോർഡിന്റെ യോഗം തീരുമാനിച്ചിരിക്കുന്നു.

കൂടാതെ ടൂറിസ്റ്റുകളുടെ സൌകര്യത്തിനുവേണ്ടി നെയ്യാറിലും പീച്ചിയിലും ബോട്ടുകൾ ഏർപ്പെടുത്തുവാനും പ്രൊജക്ട് പ്രദേശങ്ങളും വന്യമൃഗസംരക്ഷണ കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തുവാനും അതിനു് ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുവാനും യോഗം തീരുമാനിച്ചിട്ടുണ്ട്. നാലുവർഷത്തിനുശേഷം ആദ്യമായിട്ടാണ് ബോർഡിന്റെ ഒരു യോഗം നടക്കുന്നതു്. ബോർഡിന്റെ യോഗം കൂടുന്നതിനുമുമ്പായി അഡൈവസർ പ്രത്യേകപരിശോധനകൾ നടത്തുകയും മേലിലക്ഷ്യം ഇത്തരം നടപടികളും ഉണ്ടാകുന്നതിനു നിർദ്ദേശിക്കുകയുംചെയ്തു.

കേരളത്തിലെ പ്രധാന അണക്കെട്ടുകളെ പ്രോജക്ട് പ്രദേശങ്ങളും വന്യമൃഗസങ്കേതങ്ങളായി വികസിപ്പിച്ച് വിദേശസ്സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുന്നതിനുള്ള സമഗ്രമായ ചില പരിപാടികളും ഈ യോഗം അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വളരെയേറെ താല്പര്യം പ്രകടിപ്പിച്ചുള്ള പ്രായോഗികമായ പല നിർദ്ദേശങ്ങളും ബോർഡിൽ അവതരിപ്പിച്ചതും അഡൈവസർക്കാതെ ജനങ്ങളെ ഇരുട്ടത്തു നടത്തുന്ന പഞ്ചായത്തിന്റെ പൊതുജനപ്രേമം ഭയങ്കരംതന്നെ. ഇക്കാര്യത്തിൽ വേണ്ടപ്പെട്ടവർ ഒന്നു ശ്രദ്ധിച്ചാൽ തരക്കേടില്ല.

മണലൂർ നാട്ടുകാരൻ

പഞ്ചസാര കിട്ടുന്നില്ല

കുട്ടനാട്ടിലെ സിംഹഭാഗം റേഷൻ കടയിലൂടെയുള്ള കഴിഞ്ഞ ആഴ്ചയിലെ പഞ്ചസാര വിതരണം ചെയ്തിട്ടില്ലെന്നറിയുന്നു. ഇതുമൂലം പായക്കടക്കാർ തുടങ്ങിയവർ വളരെ ക്ലേശിക്കുന്നു. ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നുണ്ടായിരിക്കും.

ചമ്പക്കുളം നാട്ടുകാരൻ

.....

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] മെയ്, 3

കോട്ടയം മെഡിക്കൽകോളേജിലെ സർജറി ട്യൂട്ടർ ഡോ: കെ. ഐ.കര്യാക്കോസിനേയും, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാത്തോളജി ഡമോൺസ്ട്രേറ്റർ ഡോ: എസ്. രാഹേലിനേയും, കോഴിക്കോട് മെഡിക്കൽ കോളേജിലെ പാത്തോളജി ഡമോൺസ്ട്രേറ്റർ ഡോ: പി. രാമചന്ദ്രനേയും അസിസ്റ്റൻറ് പ്രൊഫസ്സർമാരായി പ്രൊമോട്ടുചെയ്തു് അതതു് കോളേജുകളിൽ നിയമിച്ചിരിക്കുന്നു.

മലപ്പുറം രണ്ടാം സ്റ്റേജ് ബ്ലോക്കു്

മലപ്പുറം ബ്ലോക്ക് രണ്ടാം സ്റ്റേജ് ബ്ലോക്കായി പരിവർത്തനംചെയ്യപ്പെട്ടതിനെ ഗവർമ്മെൻറ് ഉത്തരവായിരിക്കുന്നു.

ഹരിജനക്ഷേമവകുപ്പു ഡയറക്ടർ

റവന്യൂബോർഡ് സെക്രട്ടറി ശ്രീ. കെ. വി. രാമകൃഷ്ണയ്യരെ ഹരിജനക്ഷേമവകുപ്പ് ഡയറക്ടറായി നിയമിച്ചിരിക്കുന്നു. ലാൻഡ് ബോർഡ് സെക്രട്ടറിയും റവന്യൂബോർഡ് (ലാൻഡ് റീഫോംസ്) അഡീഷനൽ സെക്രട്ടറിയുമായ ശ്രീ. വി. ജി. സിറിയക് തൽക്കാലം റവന്യൂബോർഡ് സെക്രട്ടറിയുടെ മുതലകൂടി വഹിക്കുന്നതാണ്.

ടൈറാനിയം പ്രോഡക്ടസ് മാനേജിംഗ് ഡയറക്ടർ

ട്രാവൻകൂർ ടൈറാനിയം പ്രൊഡക്ട്സ് മാനേജിംഗ് ഡയറക്ടർ കെ. ബി. വാരിയക്ക് രണ്ടുമാസത്തെ അവധി അനുവദിച്ച ഒഴിവിൽ ശ്രീ. കെ. മാധവൻ നായരെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിരിക്കുന്നു.

ലേ സെക്രട്ടിമാർ

ഹെൽത്ത് സർവീസസ് ഡയറക്ടർ ആഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. എം. ബാലഗോപാലനെ താല്ക്കാലികമായി പ്രമോട്ടുചെയ്ത് അവിടത്തന്നെ സീനിയർ സൂപ്രണ്ടായും, സീനിയർ സൂപ്രണ്ട് ശ്രീ. കെ. കെ. മേനോനെ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ലേ സെക്രട്ടറിയും ടഷാറമായും, ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. രാഘവൻആചാരിയെ താല്ക്കാലികമായി പ്രമോട്ടുചെയ്ത് എറണാകുളം ജനറൽ ആശുപത്രിയിൽ ലേ സെക്രട്ടറിയും ടഷാറമായും, ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. ററി. കരുണാകരൻനായരെ താല്ക്കാലികമായി പ്രമോട്ടുചെയ്ത് കോഴിക്കോട്ട മാനസികാശുപത്രിയിൽ ലേ സെക്രട്ടറിയും ടഷാറമായും സ്ഥലം മാററി നിയമിച്ചിരിക്കുന്നു. ഈ പ്രമോഷനുകളെ തുടർന്നു താഴെപ്പറയുന്നവരെ ജൂനിയർ സൂപ്രണ്ടുമാരായി റിവർട്ടുചെയ്ത് സ്ഥലം മാററി നിയമിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രി ലേസെക്രട്ടറി ശ്രീ. എം. പി. രാഘവമേനോനെ കണ്ണൂർ മെഡിക്കലോഫീസിലേക്കും, അവിടെനിന്ന് ജൂനിയർ സൂപ്രണ്ട് ശ്രീ. എം. സി. ഭാസ്കരനേയും എറണാകുളം ജനറൽ ആശുപത്രി ലേസെക്രട്ടറി ശ്രീ പി. ഐ. ഗോപാലൻ നമ്പ്യാരേയും ഹെൽത്ത് സർവ്വീസസ് ഡയറക്ടറാഫീസിലേയ്ക്കും കോഴിക്കോട് മാനസികാശുപത്രി ലേസെക്രട്ടറി ശ്രീ. പി. കുഞ്ഞിരാമൻ നായരെ അവിടത്തന്നെ മെഡിക്കൽ ആഫീസിലേയ്ക്കുമാണ് സ്ഥലം മാററിയിട്ടുള്ളതു്.

മരിയ്ക്കാർ മോട്ടോഴ്സ് എംപ്ലോയീസ് യൂണിയൻ

മരിയ്ക്കാർ മോട്ടോഴ്സ് എംപ്ലോയീസ് യൂണിയന്റെ വാർഷികം മേയ് 23-ന- നടത്തുന്നതിന് യൂണിയന്റെ ജനറൽ ബോഡിയോഗം കൂടി തീരുമാനിച്ചിരിക്കുന്നു. വാർഷിക നടത്തിപ്പിനായി ശ്രീ. കെ. കെ. സാമുവൽ കൺവീനറായി ഒരു കമ്മിറിയേയും തിരഞ്ഞെടുത്തിട്ടുണ്ട്.

ശ്രീ. ഇ എം. എസ്. പ്രസംഗിക്കുന്നു

ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതികൾ വിശദീകരിക്കുന്നതിനായി കമ്മ്യൂണിസ്റ്റ്പാർട്ടി തിരു: താലൂക്ക് കമ്മിറിയുടെ ആഭിമുഖ്യത്തിൽ മേയ് 5-ന- ബുധനാഴ്ച 9 മണിക്ക് പഴവങ്ങാടി മൈതാനത്തിൽ കൂടുന്ന പൊതുയോഗത്തിൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പ്രസംഗിക്കുന്നതാണ്.

അനുശോചനം

സുപ്രസിദ്ധ കണ്ണാടക സംഗീത വിദ്വാനായിരുന്ന ശ്രീ. ജി. എൻ. ബാലസുബ്രഹ്മണ്യത്തിന്റെ അകാലനിര്യാണത്തിൽ, പട്ടം ചാരിറ്റബിൾ ഗാനകലാസമിതിയുടെ ഒരു യോഗം അനുശോചനം രേഖപ്പെടുത്തിയിരിക്കുന്നു.

.....o.....

തിരുനാളാഘോഷം

ചമ്പക്കുളം, മെ. 3

ചമ്പക്കുളം കൊണ്ടാക്കൽ കപ്പേളയിലെ വി. യൗസേപ്പുപിതാവിന്റെ തിരുനാൾ സമംഗളം നടന്നിരിക്കുന്നു. മൻവർഷത്തേതിലും തീർത്ഥാടകർ കൂടുതലായി തിരുനാൾ കൂടുന്നതിനുവന്നിരുന്നു. പുതുപുക്കളുടെയും പഴവഗ്ഗങ്ങളുടെയും സമൃദ്ധികൊണ്ട് താഴ്വരയിലൊട്ടാകെ നവചൈതന്യം കളിയാടുകയാണ്.

ചക്ക തലയിൽ വീണു മരണമടഞ്ഞു

തളിപ്പറമ്പ്, മെ. 3

ഇതിനടുത്ത തിരുവട്ടറംശം വായാട് ദേശത്തുള്ള കണ്ണാറത്ത് വളപ്പിൽആലി എന്നയാൾ ചക്ക തലയിൽ വീണു മരണപ്പെട്ടതായ ഒരു സംഭവം ഉണ്ടായിരിക്കുന്നു.

തന്റെ വളപ്പിൽനിന്നു ചക്ക കയർകെട്ടി താഴെ ഇറക്കുമ്പോൾ കയർ പൊട്ടി ചക്ക തലയിൽ വീഴുകയാണുണ്ടായതു്. ആലി അപ്പോൾതന്നെ ബോധം കെട്ടനിലം പതിച്ചു ഉടൻ തന്നെ ആശുപത്രിയിലേക്ക് എത്തിക്കുവാൻ മതിനു വെകിലും വഴിക്കുവെച്ചു തന്നെ അയാൾ മരണമടയുകയാണുണ്ടായതു്.

ഇതുസംബന്ധിച്ചു് തളിപ്പറമ്പ് പോലീസിൽ വിവരം കിട്ടിയതനുസരിച്ചു തളിപ്പറമ്പ് സബ്ബ് ഇൻസ്പക്ടർ സ്ഥലത്തുചെന്നു് ഇൻക്വസ്റ്റിനുശേഷം മൃതദേഹം ബന്ധുകൾക്ക് വിട്ടുകൊടുത്തു.

(സ്വ ലേ)

ആക്ഷേപങ്ങളും ആവശ്യങ്ങളും

വിളക്കുണ്ടു് വെളിച്ചമില്ല

മണലൂർ ഹൈസ്കൂളിന്റെ തെക്കു ഭാഗത്തുകൂടി പടിഞ്ഞാട്ടുള്ള പഞ്ചായത്തു് റോഡിലെ വഴിവിളക്കുകൾ 1 മാസക്കാലമായി കത്താതെ നിൽക്കുകയാണ്. പഞ്ചായത്തിൽനിന്നും അടക്കേണ്ട കരൻറ് ചാർജ് അടക്കാത്തതിനാൽ ഇലക്ടിസിറ്റിക്കാർ ആദ്യത്തെ ഫ്യൂസ് ഊരിക്കൊണ്ടുപോയതിനാലാണ് വിളക്കുകൾ പ്രകാശിക്കാത്തതെന്ന അന്വേഷണത്തിൽനിന്നും അറിയുന്നു. ചില കോൺഗ്രസ്സ് ദിവ്യന്മാരുടെ പടിക്കൽ നൂറിന്റെ ബാംബ് ഇട്ട് കത്തിക്കുമ്പോൾ വളരെയേറെ പൊതുജനങ്ങൾ രാത്രിയും പകലും സഞ്ചരിക്കുന്ന നിരത്തിൽ കരൻറ് ചാർജ്ജടക്കാതെ ജനങ്ങളെ ഇരുട്ടത്തു നടത്തുന്ന പഞ്ചായത്തിന്റെ പൊതുജനപ്രേമം ഭയങ്കരംതന്നെ. ഇക്കാര്യത്തിൽ വേണ്ടപ്പെട്ടവർ ഒന്നു ശ്രദ്ധിച്ചാൽ തരക്കേടില്ല.

മണലൂർ നാട്ടുകാരൻ

ഉൽപ്പാദനവർദ്ധനയിലൂടെ ഐശ്വര്യത്തിലേക്കു്

നിങ്ങളുടെ വേണ്ടപ്പെട്ടവരിലെത്ര പ്രതിഫലം കൊണ്ടു് എന്തെല്ലാം സാധന സൌകര്യങ്ങൾ വാങ്ങാൻ കഴിയും എന്നതിനെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ജീവിത നിലവാരം. വ്യവസായത്തെ പെരുപ്പിച്ചുകൊണ്ടും ഉൽപ്പാദനത്തിൽ വർദ്ധനയും ഉണ്ടായെങ്കിലല്ലാതെ പലതരത്തിൽ വിലയക്കയറ്റമുണ്ടാകുന്നതിനെ തടയുവാൻ സാധിക്കുകയില്ല. ഉൽപ്പാദനം കുറഞ്ഞാൽ വരുമാനം കുറയും, വില വർദ്ധിക്കുകയും ചെയ്യും.

- വ്യവസായത്തിലെ അച്ചടക്കം സംഘാടനത്തെ മാനിക്കുക. നിങ്ങൾക്കും, വ്യവസായത്തിനും, രാജ്യത്തിനും അതു ഗുണകരമാണ്.
- പ്രവർത്തനം മന്ദഗതിയിലാക്കുക, പണിമുടക്കുക തുടങ്ങിയ നടപടികൾ ഒഴിവാക്കുക.
- തൊഴിലാളികളുടെ ഇടയിൽ സഹകരണ മനോഭാവം വളർത്തുക.
- വ്യവസായത്തർക്കങ്ങൾ സമുദായാടിസ്ഥാനത്തിൽ പരിഹരിക്കാൻ ശ്രമിക്കുക.
- ഉടനടി ഉൽപ്പാദന ലക്ഷ്യങ്ങൾ നേടാൻ പണിയെടുക്കുക.
- കൂടുതലായിക്കിട്ടുന്ന വരുമാനവും ബോണസ്സും മറ്റും ഇന്ത്യാഗവർമ്മെൻറിന്റെ ലഘു സമ്പാദ്യ പദ്ധതികളിൽ നിക്ഷേപിക്കുക. അല്ല നിങ്ങൾക്കും നാടിനും ക്ഷേമം ദോഷവരുത്തും.



പദ്ധതിയെ സഹായിച്ച് ഉൽക്കർഷം പ്രാപിക്കുക

DA--58/390

വി. ഡബ്ളിയു. ഡി. സ്റ്റാഫ് ക്ലബ്ബ് വാർഷികം

ഗുരുവായൂർ, മെ. 2

പി. ഡബ്ളിയു. ഡി. സ്റ്റാഫ് ക്ലബ്ബിന്റെ 5-ാം വാർഷികവേളയോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം ഇന്നലെ ഉച്ചതിരിഞ്ഞ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ എച്ച്. നാരായണയ്യരുടെ അദ്ധ്യക്ഷതയിൽ ടൌൺഹാളിൽവച്ചുനടന്നു. ക്ലബ്ബിന്റെ മുൻ പ്രസിഡണ്ടു് ശ്രീ കെ. ആർ. മേനോൻ (സൂപ്രണ്ടിംഗ് എഞ്ചിനീയർ, ബി. ആൻഡ് ആർ., ആലുവാ) സ്വാഗതപ്രസംഗവും, വൈസ് പ്രസിഡണ്ടു് ശ്രീ എ. ടി. ദേവസ്സി (എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാലക്കുടി) നന്ദിപ്രകടനവും നടത്തി. യോഗത്തിൽ, സിക്രട്ടറി എ. യു. ബാലകൃഷ്ണൻ, ക്ലബ്ബിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളടങ്ങിയ റിപ്പോർട്ടു് സമർപ്പിച്ചു. ശ്രീ ടി. എൻ. ജയദേവൻ (ഡി. ഇൻ. കാഫീസർ) പ്രസംഗിച്ചു. കായികമത്സരങ്ങളിലേടയും മറ്റും സമ്മാനദാനവും അദ്ധ്യക്ഷൻ നിർവ്വഹിച്ചു. കലാപരിപാടികളും സുപ്രസിദ്ധ സിനിമാനടനായ തിക്കുറിശ്ശി സുകുമാരൻനായർ ഉൽഘാടനംചെയ്തു. നേരത്തെ കൺവീനർ ശ്രീ ടി. ജെ. ആൻറണി അദ്ദേഹത്തെ ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. ശ്രീ വിജഗോപാലൻ 'കാർമേഘം' എന്ന ഏകാങ്കവും പുരുഷവിഭാഗത്തിന്റെ 'തിളക്കുന്ന കടൽ' എന്ന നാടകവും കലാപരിപാടികളിലെ മുഖ്യ ഇനങ്ങളായിരുന്നു.

—

ജനസംഘം യോഗം

ഗുരുവായൂർ, മെ. 3

ഭാരതീയ ജനസംഘം ഗുരുവായൂർ ജില്ലാ പ്രവർത്തകരുടെ ഒരു സമ്മേളനം ഗുരുവായൂരിൽ വെച്ച് അഡ്വ: ശേഖരൻനായരുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമ്മേളനത്തിൽ കേരള പ്രദേശ് പ്രവർത്തകസമിതിയുടെ പ്രതിനിധിയായി കെ. കുട്ടൻകുട്ടിയും കെ. വി

പൂരത്തിന് കൂടുതൽ പഞ്ചസാരയും അരിയും

(സ.പ്ര.) തൃശ്ശൂർ മെയ് 4

തൃശ്ശൂർ പൂരാഘോഷം സംബന്ധിച്ച് തൃശ്ശൂർ മുനിസിപ്പൽ പ്രദേശത്തുള്ള എല്ലാ പഞ്ച സാരകാർഡുടമകൾക്കും അവക്ക് ഒരു മാസത്തേക്ക നിശ്ചയിച്ചിട്ടുള്ള പഞ്ച സാരക്കോട്ടയുടെ അമ്പതു ശതമാനം കൂടുതൽ വീതരണം ചെയ്യുന്നതാണെന്ന് ജില്ലാ കലക്ടർ ഒരു അറിയിപ്പിൽ പറയുന്നു. മേയ് മാസത്തേക്കുള്ളതും പൂരത്തിനു കൂടുതലായി അനുവദിച്ചിട്ടുള്ളതുമായ പഞ്ചസാര, കാർഡുകാർക്ക് ഒരുമിച്ചും, ഭാഗികമായൊ, അതാതു റേഷൻ ഷാപ്പിൽനിന്ന് ഉടൻതന്നെ വാങ്ങാവുന്നതാണെന്നും, പൂരാവശ്യത്തിന് പഞ്ചസാരക്ക സ്പെഷൽ പെർമിറ്റും അനുവദിക്കുന്നതല്ലെന്നും അറിയിപ്പിൽ പറഞ്ഞിട്ടുണ്ട്.

ഹോട്ടലുകൾക്ക് കൂടുതൽ അരി

മുനിസിപ്പൽ പ്രദേശത്തെ എല്ലാ ഹോട്ടലുകൾക്കും, റെസ്റ്റോറൻറുകൾക്കും പൂരാവശ്യത്തിന് ദൈനംദിനമുള്ള അവക്ക നിശ്ചയിച്ചിട്ടുള്ളതു അരി കൂടുതലായി ലഭിക്കുന്നതാണ്. അവക്ക് അതിനുള്ള സ്പെഷൽ പെർമിറ്റ് താലൂക്ക് സപ്ലൈ ആഫിസറിൽനിന്നും ലഭിക്കും.

പൂരത്തിൻറെ എഴുന്നള്ളിപ്പും വെടിക്കെട്ടും

തൃശൂരപൂരത്തിനുള്ള എഴുന്നള്ളിപ്പുകളും വെടിക്കെട്ടും സംബന്ധിച്ചുള്ളനിബന്ധനകളും തൃശൂർ എക്സിക്യൂട്ടീവ് കൗൺസിലും മജിസ്ട്രേട്ട് കൂടിയായ വൈസ് ചെയർമാൻ ഡിവിഷനൽ ഓഫീസർ പ്രസിദ്ധം ചെയ്തിരിക്കുന്നു. ഇതനുസരിച്ച് കണിമംഗലംപൂരം മേയ് 9-ാംതിയതിരാവിലെ ഏഴരമണിക്ക് ആരംഭിച്ച് എട്ടരമണിക്ക അവസാനിക്കുന്നതും രാത്രി 8 മണിക്ക് ആരംഭിച്ച് 9 മണിക്ക് അവസാനിക്കുന്നതും, പൊന്മുക്കുപൂരം രാവിലെ 8 മണിക്കാരംഭിച്ച് 9 മണിക്കവസാനിക്കുന്നതും, രാത്രി എട്ടരമണിക്കാരംഭിച്ച് ഒമ്പതരമണിക്കവസാനിക്കുന്നതും, കാരമുക്ക് പൂരം രാവിലെ എട്ടരമണിക്കാരംഭിച്ച് ഒമ്പതരമണിക്കവസാനിക്കുന്നതും, രാത്രി 9 മണിക്കാരംഭിച്ച് 10 മണിക്കവസാനിക്കുന്നതും, ചേലക്കരപൂരം കാലത്തു 9 മണിക്കാരംഭിച്ച് 10 മണിക്കവസാനിക്കും. മേയ് 10-ാം തിയതി പലപ്പോൾ 3 മണി മുതൽ രാവിലെ 6 മണി വരെയാണ് വെടിക്കെട്ടു പരിപാടി.

ജീവിതനിലവാര സൂചിക ഉയർന്നു

തൃശൂർ ചാലക്കുടി എന്നി കേന്ദ്രങ്ങളിൽ ജീവിത നിലവാര സൂചികയിൽ കഴിഞ്ഞ മാർച്ച മാസത്തിൽ 5 പോയിൻറ വർദ്ധനം ഉയർച്ചയുണ്ടായതായി ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ കാഫീസറുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഫെബ്രുവരി മാസത്തിൽ തൃശൂരിൽ595 പോയിൻറും ചാലക്കുടിയിൽ 602 പോയിൻറും ആയിരുന്ന സൂചിക മാച്ച് മാസത്തിൽ യഥാക്രമം 600 പോയിൻറും, 607 പോയിൻറുമായി ഉയർന്നിരിക്കുകയാണ്.

.....

വൈസ് ചാൻസലറുടെ മൃതദേഹം കൊണ്ടു പോകാൻ ശവപ്പെട്ടിയുമായി വന്നു

അലിഗാർ കഴപ്പത്തെപ്പറ്റി കേന്ദ്രമന്ത്രി ലാസ്യ

[പി. ടി. ഐ] ന്യൂഡൽഹി, മെയ് 4

അലിഗാർ മുസ്ലീം സർവ്വകലാശാലയിൽ ഈയിടെ നടന്ന കഴപ്പങ്ങൾക്ക് കാരണം വർഗ്ഗീയ പ്രവണതകളാണെന്നും വൈസ് ചാൻസലറുടെ വധമായിരുന്നു അവരുടെ ലക്ഷ്യമെന്നും കേന്ദ്ര വിദ്യാഭ്യാസമന്ത്രി എം. സി. മഹാജ ഇന്ന് രാജ്യസഭയിൽ പ്രസ്താവിച്ചു.

വാസ്തവത്തിൽ അവർ ഒരു ശവപ്പെട്ടിയും കൊണ്ടുവന്നിരുന്നു. പക്ഷേ, വൈസ് ചാൻസലർ അത്യന്തകരമായി രക്ഷപ്പെട്ടു.

ഈ വർഗ്ഗീയ പ്രവണതയെ തുടച്ചുനീക്കാൻ തീരുമാനിച്ചിരിക്കയാണെന്ന് മഹാജ പ്രഖ്യാപിച്ചു.

എ. ഡി. മണിയുടേയും മറെറാരു പോലീസ് പേരുടേയും ഒരു ശുപാർശകൾ പ്രമേയത്തിനു മറുപടി പറയുകയായിരുന്നു മഹാജ.

യുവജനസംഘം വാർഷികം

മരത്താക്കര, മേയ് 4

മരത്താക്കര യുവജനസംഘത്തിൻറെ 11-ാം വാർഷികസമ്മേളനം മരത്താക്കര കാർഷികനഗറിൽവച്ച് കെ. ജെ. മേനോൻ ഉൽഘാടനംചെയ്തു. പുഴൂർ പഞ്ചായത്തു പ്രസിഡണ്ട് ശ്രീ നെപ്പുക്കാട്ടിൽ അധ്യക്ഷത വഹിച്ചു. പി. ആർ. ഫ്രാൻസീസ്, കെ. പി. ജോർജ്ജ് ബി. എ. [ഗ്രാമസേവക], കെ. രാമദാസ് മുതലായവർ പ്രസംഗിച്ചു.

സമ്മേളനാനന്തരം യുവജനസംഘം സീനിയർ വിഭാഗം 'ഭ്രാതാക്കൾ' എന്ന നാടകവും, ജൂനിയർ വിഭാഗം 'പുതിയ നിറത്തു', 'ചങ്ങാതിമാർ' എന്നീ പ്രഹസനങ്ങളും അവതരിപ്പിച്ചു.

നാവിഗേഷൻ സിംപോസിയം ആരംഭിച്ചു

എറണാകുളം മെയ് 4

നാവിഗേറർമാരുടെ ആദ്യത്തെ സിമ്പോസിയം, കൊച്ചിയിലെ കമ്മഡോർ ഇൻ-ചാർജ് കമ്മഡോർ ജി. എസ്. കപൂർ നാവികത്തറവളത്തിലെ നാവിഗേഷൻ ഡയറക്ഷൻ സ്റ്റൂളിൽ ഇന്നലെ ഉൽഘാടനം ചെയ്തു. നാലുദിവസം നീണ്ടുനിൽക്കുന്ന ഈ സിമ്പോസിയത്തിൽ ഇന്ത്യൻ നാവികസേനയിലെയും കച്ചവടക്കപ്പലുകളിലെയും അനേകം നാവിഗേഷൻ സ്പെഷ്യലിസ്റ്റുകൾ പങ്കെടുക്കുന്നുണ്ട്.

നാവികസേനയും കച്ചവടക്കപ്പൽ സമൂഹവും അടുത്തു സഹകരിച്ചു പ്രവർത്തിക്കേണ്ടതിൻറെ ആവശ്യം, ഉൽഘാടനപ്രസംഗത്തിൽ കമ്മഡോർ കപൂർ ഊന്നിപ്പറഞ്ഞു. രണ്ടു കൂട്ടരുടേയും വിപുലവും വൈവിധ്യമേറിയതുമായ അനുഭവജ്ഞാനം പരസ്പരം കൈമാറാൻ ഇതു സഹായിക്കും. നാവിഗേഷൻ-ഡയറക്ഷൻ ശാഖ നാവികസേനയിൽ ജീവൽപ്രധാനമായ പങ്കാണ് വഹിക്കുന്നതെന്നു അദ്ദേഹം പറഞ്ഞു. നാവിഗേഷനുമായി ബന്ധമില്ലാത്ത ഒരു കാര്യമില്ല കപ്പലിനു കടലിലെന്നു കമ്മഡോർ ചൂണ്ടിക്കാട്ടി. കഴിഞ്ഞ രണ്ടു ദശകങ്ങളിലെ സാങ്കേതിക പുരോഗതി, സുരക്ഷിതമായ നാവിഗേഷനെ വിപുലമാംവിധം സഹായിച്ചിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചു.

പ്രതിനിധികളെ സ്വാഗതം ചെയ്തുകൊണ്ട്, നാവിഗേഷൻ ഡയറക്ഷൻ സ്കൂളിൻറെ ചുമതല വഹിക്കുന്ന കമാണ്ടർ ആർ. പി. വന്ന സ്കൂളിൻറെ ചരിത്രം ഹ്രസ്വമായി അവലോകനം ചെയ്തു കയും വിവിധതരം ആഫീസർമാക്കും നാവികർക്കും അവിടെ നൽകിവരുന്ന പരിശീലനത്തിൽ വിശദവിവരങ്ങളും നൽകുകയും ചെയ്തു. മീൻപിടിത്തക്കാക്കവേണ്ടിയും സ്കൂളും നാവിഗേഷനിൽ ഹ്രസ്വകാല പരിശീലന കോഴ്സുകളും നടത്തുന്നുണ്ട്.

—

"ഗോവ" മോസ്കോ ചലച്ചിത്രോത്സവത്തിലേക്ക്

ന്യൂഡൽഹി മെയ് 4

1965 ജൂലൈ 5 മുതൽ മോസ്കോവിൽ ആരംഭിക്കുന്ന നാലാമതു അന്താരാഷ്ട്രീയ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്നതിന് ഫിലിംസ് ഡിവിഷൻറെ 'ഗോവ' എന്ന ഡോക്യുമെണ്ടറി തിരഞ്ഞെടുത്തിരിക്കുന്നു

——

നെഹ്രുസ്മാരകഗ്രന്ഥം പുറത്തിറക്കി

ന്യൂഡൽഹി മേയ് 4

ഭാരതീയ സംസ്കൃതി ഭവൻ കഴിഞ്ഞവർഷം നടത്തിയ നെഹ്രുസ്മാരക പ്രസംഗങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്മാരകഗ്രന്ഥം ഉപരാഷ്ട്രപതി ഡോ: സക്കീർഹുസൈൻ ഇന്നലെ വൈകുന്നേരം നടന്ന ഒരു ചടങ്ങിൽവെച്ച് പുറത്തിറക്കിയിരിക്കുന്നു. ചടങ്ങുകൾ ആരംഭിച്ചതു ഉപരാഷ്ട്രപതി നെഹ്രുവിൻറെ പ്രതിമയിൽ ഹാരാർപ്പണം നടത്തിക്കൊണ്ടാണ്.

ശ്രീമയൂൺകബീർ, അശോക്സെൻ, മിസ്സിസ് രാമേശ്വരിനെഹ്രു തുടങ്ങിയവർ ഈ അവസരത്തിൽ ദിവംഗതനായ നേതാവിനെ പ്രകീർത്തിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി.

അനേകം നയതന്ത്രപ്രതിനിധികളും പാർലമെൻറ് മെമ്പർമാരും ചടങ്ങിൽ സംബന്ധിച്ചു.

....

ടുണീഷ്യൻ എമ്പസി ഉദ്യോഗസ്ഥന്മാർ സ്ഥലംവിട്ടു

റോയിട്ടർ കെയ്റോ, മേ. 4

ടുണീഷ്യൻ ഗവണ്മെണ്ടിൻറെ തീരുമാനമനുസരിച്ച് ഇവിടെയുള്ള ടുണീഷ്യൻ എമ്പസിയിലെ ഉദ്യോഗസ്ഥന്മാർ അവരുടെ കുടുംബസമേതം സ്ഥലംവിട്ടിരിക്കുന്നു. അമ്പാസിഡർ മി. മൊഹമ്മദ് ബഷ്ര കഴിഞ്ഞ വ്യാഴ്ച ടുണീഷ്യയിലേക്ക് പോയി.

—

സീറോയിൽനിന്ന് ഫ്രാൻസ് പിണങ്ങി പിരിയുന്നു

അമേ. നയത്തോട് രൂക്ഷമായ എതിർപ്പ്

(റോയിട്ടർ) ലണ്ടൻ, മേയ് 3

സീറോ ഉടമ്പടി രാഷ്ട്രങ്ങളുടെ ഒരു യോഗത്തിൽവച്ച് വിയറ്റ്നാംപ്രശ്നത്തെച്ചൊല്ലി ഫ്രാൻസ് അതിൻറെ സഖ്യകക്ഷികളുമായി പരസ്യമായി തെറ്റിപ്പിരിഞ്ഞിരിക്കുന്നു.

സീറോയിലെ മറെറാരു രാഷ്ട്രങ്ങളുമായി ഫ്രാൻസിനു വിയറ്റ്നാം പ്രശ്നത്തെ സംബന്ധിച്ചേടത്തോളം യോജിപ്പിലെത്താൻ സാധ്യമല്ലെന്നു ഫ്രഞ്ച് സീറോ മിനിസ്റ്റീരിയൽ കൗൺസിൽ യോഗത്തിൽ തുറന്നുപ്രസ്താവിച്ചു.

കഴിഞ്ഞവർഷം മാനിലയിൽ നടന്ന സീറോ യോഗത്തിലുണ്ടായ വീയറ്റ്നാംചർച്ചകളെപ്പറ്റിയെന്നെ ഇതും ഫലപ്രദമായ്കുമെന്ന് അദ്ദേഹം പറഞ്ഞു.

യോഗത്തിനു അദ്ധ്യക്ഷതവഹിച്ച ബ്രിട്ടൻറെ വിദേശകാര്യസെക്രട്ടറി മൈക്കിൾ സ്റ്റുവർട്ട് ഫ്രാൻസിൻറെ നിലപാടിൽ ഖേദംപ്രകടിപ്പിച്ചു.

അമേരിക്ക

വിയറ്റ്നാം സംഘട്ടനം അവസാനിപ്പിക്കാൻ അത്യന്തം ശ്രമമായ കരാറിൽ വാഷിംഗ്ടൺ ഏറ്റവുമടുത്തെന്നാണ് അമേ സ്റ്റേറ്റ് സെക്രട്ടറി ജോ ജഗ്ഗ് ബോൾ നേരത്തെ പറഞ്ഞു. മനപ്പൂർവ്വം ചമച്ച ഒരു അക്രമണമാണിതു. ഇതു ഒരു അഭ്യന്തരയുദ്ധമാണെന്നു വരുത്തിത്തീർക്കാൻ കമ്മ്യൂണിസ്റ്റുകാരും ശ്രമിക്കുന്നുണ്ട്. പക്ഷേ അതു വെറും പൊള്ളയാണ്.

വിൽസൺ

ബ്രിട്ടീഷ് പ്രധാനമന്ത്രി ഹരോൾഡ് വിൽസൺ സമ്മേളനം ഔപചാരികമായി ഉൽഘാടനംചെയ്തു. വിയറ്റ്നാംപ്രശ്നം, ഇൻഡോനേഷ്യൻ-മലേയേഷ്യൻ തർക്കം എന്നിവയിലും കൂടിയാലോചനവഴി അനുരഞ്ജനം പരിഹാരം കാണാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ദക്ഷിണപൂർവ്വേഷ്യയിൽ സമാധാനത്തിൻറെ ശത്രുക്കളുടെ മുന്നാറെത്തടയാൻ സീറോ അംഗങ്ങളായ ബ്രിട്ടൻ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, തായ്ലൻഡ്, അമേരിക്ക, ആസ്ട്രേലിയാ എന്നീ രാഷ്ട്രങ്ങളുമായി കൂടിയാലോചനചെയ്തു.

ഫ്രാൻസ്

തായ്ലണ്ടിലെ ഫ്രഞ്ച് സ്ഥാനപതിയായ ക്ലാരക്കിൻറെ പ്രസ്താവന മറെറാരു പ്രതിനിധികളെ അത്ഭുതപ്പെടുത്തി. വിയറ്റ്നാമിൽ അമേരിക്ക അനാവശ്യമായി ഇടപെടുന്നുവെന്നും അതിനു ശക്തിയായി എതിർപ്പുണ്ടെന്നും ക്ലാരക് പറഞ്ഞു. 1951-ലേയും 1962-ലേയും ജനീവാക്കരാറുകളുടെ അടിസ്ഥാനത്തിൽ ഇൻഡോ-ചൈനാ പ്രശ്നത്തിനു ഒരു പരിഹാരം കാണണമെന്നതിനാണ് ഫ്രാൻസിനു താല്പര്യമെന്നും ക്ലാരക് തുടർന്നുപറഞ്ഞു.

ബ്രിട്ടൻ

മലയേഷ്യയ്ക്കു പിന്തുണ നൽകുന്നുള്ള ബ്രിട്ടൻറെ ദുഡനിശ്ചയത്തെ ബ്രിട്ടൻറെ പ്രതിനിധി സ്റ്റീവാട്ട് ഉന്നിപ്പറഞ്ഞു. അന്തസ്സാരമെന്നു നീതിബോധമുള്ള ഏതൊരു മനുഷ്യനും അംഗീകരിക്കുന്ന വ്യവസ്ഥകളും സ്ഥിരീകരിക്കാൻ ഇന്തോനേഷ്യയും വടക്കൻ വിയറ്റ്നാമും മുന്നോട്ടുവന്നാൽ മാത്രമേ സമാധാനം ഉദ്ദോക്കപ്പെടുകയുള്ളു.

തായ്ലണ്ട്

തായ്ലണ്ട് വിദേശകാര്യമന്ത്രി തനാട്ട് കോമൻ അമേരിക്കയുടെ വിയറ്റ്നാം നയത്തെ ശക്തിയായി പിന്താങ്ങി. ദക്ഷിണവിയറ്റ്നാമിൻറെ പ്രതിരോധത്തിനുവേണ്ടി ത്യാഗങ്ങൾ സഹിക്കാൻ അമേരിക്ക മുന്നോട്ടുവന്നിരുന്നില്ലെങ്കിൽ പണ്ടേതന്നെ ദക്ഷിണവിയറ്റ്നാം കമ്മ്യൂ. പിടിയിൽ അമർന്നുപോയേനേയെന്നും അദ്ദേഹം പറഞ്ഞു.

....

183 അഴിമതിക്കേസുകളിൽ അന്വേഷണം

വെള്ളാനകളെ കേന്ദ്ര ഇൻവസ്റ്റിഗേഷൻ ബ്യൂറോ വേട്ടയാടുന്നു

ന്യൂഡൽഹി, മെ. 2

1965 മാർച്ച് മീനം ആഭ്യന്തരവകുപ്പിലെ കേന്ദ്ര ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണത്തിനു ഏറെറടുത്തിട്ടുള്ള 183 അഴിമതി കേസുകളിൽ 38 ഗസറ്റഡ് ആഫീസർമാർ ഉൾപ്പെടെ 226 ഗവർമ്മെണ്ട് ജീവനക്കാർ പ്രതികളാണ്. കൈക്കൂലി സ്വീകരിക്കുമ്പോൾ പിടികൂടിയ ഏഴു പേർ ഇവിലുൾപ്പെട്ടും.

റിപ്പോർട്ടുമാസം അഴിമതിസംബന്ധിച്ച 13 കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുകയും കഠിനമായ പെരുമാറ്റദൂഷ്യം, ഗുരുതരമായ കൃത്യവിലോപനം, വഞ്ചന വിശ്വാസവഞ്ചന എന്നിവയുൾപ്പെടുന്ന കുറ്റകൃത്യങ്ങൾക്ക് ഏഴു ഗസറ്റഡ് ആഫീസർമാരുൾപ്പെടെ 17 ഗവണ്മെണ്ട് ജീവനക്കാരെ പ്രോസിക്യൂട്ട് ചെയ്യുകയുമുണ്ടായി.

ഇതേകാലത്തു 19 കേസ്സുകളിലായി ഒരു ഗസറ്റഡ് ആഫീസറും 18 നോൺഗസറ്റഡ് ആഫീസർമാരും രണ്ടു സ്വകാര്യവ്യക്തികളും ശിക്ഷിക്കപ്പെട്ടു. ഇവർക്ക് മൊത്തം 12984 രൂപയുടെ പിഴകൂടാതെ ഗണ്യമായകാലത്തേക്ക് ജയിൽവാസവും ശിക്ഷവിധിച്ചു.

—

കോൺഗ്രസ്സ് വിജയം

വിജയവാഡ, മേ. 4

വെസ്റ്റ് നിയോജകമണ്ഡലത്തിൽ നടന്ന ഒരു ഉപതിരഞ്ഞെടുപ്പിൽ മി. സത്യനാരായണസ്വാമി ചൌധരി (കോൺ) ആന്ധ്രപ്രദേശ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രവേഷകനായ സ്ഥാനാർത്ഥികളെയാണ് അദ്ദേഹം പരാജയപ്പെടുത്തിയതു.

—

ഗ്രൂസ്തിക്കാരനെ ആക്രമിച്ചു

പി ടി ഐ റൈപൂർ, മേ. 4

സ്ഥലത്തെ ഒരു ഗ്രൂസ്തിക്കാരനായ ബിഹാരിലാൽ കൈകൊക്ക് പരുക്കേറെറ നിലയിൽ ആസ്പത്രിയിൽ പ്രവേശിച്ചിരിക്കുന്നു.

താൻ ഉറങ്ങുമ്പോൾ ചിലർ കേൻതന്നെ ആക്രമിച്ചുവെന്ന് ഇയ്യാൾ പോലീസിനോടുപറഞ്ഞു. പോലീസ് ഇതു സംബന്ധിച്ച് ഒരു കേസ് റജിസ്റ്റർ ചെയ്തിട്ടുണ്ട്.

....

നിയുക്ത ഉപദേഷ്ടാവ് മെയ് 7-നു എത്തുന്നു

തിരുവനന്തപുരം മെ. 4

കേരള ഗവണ്മെണ്ടിൻറെ നിയുക്ത ഉപദേഷ്ടാവായ എൻ. എസ്. രാഘവാചാരി മെയ് 7-നു-ഇവിടെയെത്തുന്നതാണെന്ന് ഒരു ഔദ്യോഗിക പത്രക്കുറിപ്പിൽ പറയുന്നു. [പി ടി ഐ]

—

സിക്കിം-തിബത്ത് അതിർത്തിസംഘട്ടനം വാത്ത അവാസ്തവം

(പി ടി ഐ) ഗാങ്ങ്ടോക്, മേ 4

സിക്കിം-തിബത്ത് അതിർത്തിയിൽ ഒരു സംഘട്ടനമുണ്ടായതിനെതുടർന്ന് അനേകംപേർ കൊല്ലപ്പെട്ടുവെന്ന് ഒരുവിഭാഗം ട്രിട്ടീഷ്, പത്രങ്ങളിൻ വന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് സിക്കിം മഹാരാജാവ് തൻറെ മാസാന്തപത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

സിക്കിമിൻറെ മൂന്നാംപഞ്ചവത്സരപദ്ധതിയെപ്പറ്റിയും മറെറാരു ചർച്ചയെപ്പറ്റിനിന്നായി താൻ അടുത്ത ജൂലായ്മാസത്തിൽ ഡൽഹി സന്ദർശിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

—

എൽസാൽവഡോറിൽ ഭൂചലനംമൂലംവമ്പിച്ച നാശം

സാൻ സാൽവഡോർ, (എൻ സാൽവഡോർ) മെ. 4 ഇന്നലെ ഉണ്ടായ ഒരു ഭൂമികുലുക്കത്തെ തുടർന്ന് മുങ്ങിയതു് നൂറുപേരെങ്കിലും മൃതിയടഞ്ഞിട്ടുള്ളതായി ദേശീയ അടിയന്തിരാവസ്ഥാകമ്മറ്റി റിപ്പോർട്ടുചെയ്തിരിക്കുന്നു. 300-ൽ അധികം പേർക്ക് ഗുരുതരമായി പരുക്കേറ്റിട്ടുണ്ട്. നാലായിരം വീടുകൾ തകർന്നിട്ടുള്ളതായും പ്രഥമ റിപ്പോർട്ടിൽ പറയുന്നു.

തലസ്ഥാനത്തിനു പരിസരങ്ങളിലുള്ള ഗ്രാമങ്ങളായാണ് ഭൂമികുലുക്കം കൂടുതൽ ബാധിച്ചതു്. എൽകാമ്പോ ഗ്രാമത്തിലെ പകുതി വീടുകളും നശിച്ചുപോയിരിക്കുന്നു. സിറിയിലെ ആസ്സുതികളിൽ പരിക്കേറ്റവർ നിറഞ്ഞിരിക്കുന്ന പ്രസിഡണ്ടു് ജൂലിയോ അസൽബെർട്ടെ റിവേറ, രാജ്യത്തെങ്ങും അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. രാജ്യത്തിൻറെ മറെറ ഭാഗങ്ങളുമുള്ള വാർത്താവിനിമയ സൗകര്യങ്ങളും കഴപ്പത്തിലായിട്ടുണ്ടു്. ഇലോഖാങ്കോ എന്ന അന്തർദേശീയ വിമാനത്താവളം തല്ലുംലത്തേല്ലും പൂട്ടിയിടിരിക്കുന്നു. സിറിക്കടുത്തുള്ള ഇലോവാങ്കോ തടാകം കവിഞ്ഞൊഴുകിയതിനെ തുടർന്നു് ഒരു ഗ്രാമപ്രദേശത്തിന്നടിയിലായിസിറിയിലെന്നാലൊ അഞ്ചൊകെട്ടിടങ്ങൾക്കു മാത്രമെ നാശം സംഭവിച്ചിട്ടുള്ളു.

സ്ഥിതിഗതികൾ നേരിട്ടറിഞ്ഞതിനെപ്പറ്റി ആലോചിക്കുന്നതിനായി പ്രസിഡണ്ടു് റിവേറ, തൻറെ മന്ത്രിസഭയുടെ അടിയന്തിരയോഗം വിളിച്ചുകൂട്ടിയിരിക്കുകയാണു് കൊള്ളകൾ തടയുന്നതിനായി പട്ടാളത്തേയും പ്രത്യേകപോലീസ് വിഭാഗത്തേയും തെരുവുകളിൽകാവൽനിർത്തിയിരിക്കുന്നു. ബാങ്കുകളും കടകളും മാറെറ വ്യാപാരങ്ങളുമെല്ലാം അടച്ചിട്ടിരിക്കുന്നു. സാന്റൊതോമസ്, സാൻമാർകോസ് എന്നിവ ഉൾപ്പെടെ മറെറ നഗരങ്ങൾക്കും ഭൂമികുലുക്കം മൂലം നാശങ്ങൾ സംഭവിച്ചിട്ടുണ്ടു്.

(റോയിട്ടർ)

കമ്പോഡിയ അമേരിക്കയുമായി നയതന്ത്ര ബന്ധം വിച്ഛേദിക്കുന്നു

ഫ്നോപെ മേ 4

അമേരിക്കയുമായുള്ള നയതന്ത്ര ബന്ധങ്ങൾ വിച്ഛേദിക്കുവാൻ കമ്പോഡിയ തീരുമാനിച്ചതായി രാഷ്ട്രത്തലവനായ സിഹാനൌക് രാജകുമാരൻ ഒരു പ്രക്ഷേപണപ്രസംഗത്തിൽ വിജ്ഞാപനം ചെയ്തിരിക്കുന്നു.

(റോയിട്ടർ)

എം. കെ ദേവസ്സി സ്പെഷ്യൽ സെക്രട്ടറി

[പി. ടി. ഐ] തിരു. മെയ് 4

സൊസസ് സൂപ്രണ്ടായിരുന്ന എം. കെ. ദേവസ്സിയെ സംസ്ഥാന അഭ്യന്തര വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയായി നിയമിച്ചിരിക്കുന്നു.

സ്പെഷ്യൽ സെക്രട്ടറിയുടെ തസ്തിക ഇന്നുമുതൽ 6 മാസത്തേയ്ക്കായിരിക്കുമെന്ന് ഇതുസംബന്ധിച്ച ഒരു പത്രക്കുറിപ്പിൽ പറയുന്നു.

....

നാഗന്മാർ ബ്രി. ഹൈക്കമ്മീഷണറുമായി ബന്ധം പുലർത്തി

ലോകസഭയിൽ ചോദ്യവർഷം

(പി. ടി. ഐ.) ന്യൂഡെൽഹി, മേയ് 4

ചില അണ്ടർഗ്രൗണ്ട് നാഗന്മാരുമായി ഡെൽഹിയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ബന്ധം പുലർത്തുന്നതിൽ രാജ്യസഭാംഗങ്ങൾ ഇന്ന് ഉൽക്കണ്ഠ പ്രകടിപ്പിച്ചിരിക്കുന്നു. പരോക്ഷമായ ഇത്തരം സമ്പർക്കങ്ങൾ പാടില്ലെന്ന് ഹൈക്കമ്മീഷണറെ അറിയിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

ചില അണ്ടർഗ്രൗണ്ട് നാഗന്മാർ ട്രിട്ടീഷ് ഹൈക്കമ്മീഷണറുമായി ബന്ധം പുലർത്തിയോ എന്നും ഗവണ്മെൻറ് മുഖേനയാണോ അതുണ്ടായതെന്നും എ. ബി. വാജ്പെ ചോദിച്ചു. ട്രിട്ടീഷ് ഹൈക്കമ്മീഷണറുമായി നാഗന്മാർ പ്രത്യക്ഷമായി സമ്പർക്കം പുലർത്തിയോ എന്നറിഞ്ഞുകൂടെന്നും എങ്കിലും യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്താൻ അവരിൽ ചിലർ ഹൈക്കമ്മീഷണറെ സമീപിച്ചുവെന്നും പക്ഷേ അവരുടെ അപേക്ഷ അദ്ദേഹം തിരസ്കരിച്ചുവെന്നും സ്വരൺ സിങ്ങ് മറുപടി നൽകി. അതാണ് അദ്ദേഹത്തിൽനിന്നും ഞങ്ങളും പ്രതീക്ഷിക്കുന്നതു്. നാഗന്മാർ തന്നെ സമീപിക്കുകയുണ്ടായെന്ന് അദ്ദേഹം ഗവണ്മെൻറിനെ അറിയിക്കുകയുണ്ടായി.

നാഗന്മാർ തലസ്ഥാനനഗരിയിലെ തന്നെ ട്രിട്ടീഷ് ഹൈക്കമ്മീഷണറെക്കണ്ടതു് വളരെ അത്ഭുതകരമായിരിക്കുന്നുവെന്നു് ശ്രീപേശ്രുപ്ത പറഞ്ഞു. ഗവണ്മെൻറിനെ സംബന്ധിച്ചു് ശ്രീ. നരേന്ദ്രശർമ്മ തയ്യാറാക്കിയ ഒരു ഹിന്ദി ഫീച്ചർ ശ്രവിക്കും.

മേയ് 26-ാംതു രാത്രി 8-30നു് രാഷ്ട്രപതി ഡോ: എസ്. രാധാകൃഷ്ണൻ ആൾ ഇന്ത്യാ റേഡിയോവിൽനിന്നു് പരേതനായ പ്രധാനമന്ത്രിയെക്കുറിച്ചു് ഇംഗ്ലീഷിൽ ഒരു പ്രഭാഷണം പ്രക്ഷേപണം ചെയ്യുന്നതാണു്. രാഷ്ട്രപതിയുടെ പ്രഭാഷണത്തെത്തുടർന്നു് അതിൻറെ ഹിന്ദിയിലും പ്രാദേശിക ഭാഷകളിലുമുള്ള വിവർത്തനങ്ങൾ ബന്ധപ്പെട്ട റേഡിയോ നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നതായിരിക്കും.

—

സിംഗ് ഇന്നു് രാജ്യസഭയിൽ പറഞ്ഞു,

മി. ട്രപേശ്രുപ്തയുടെ ചോദ്യത്തിനു മറുപടി പറയുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി ശാസ്ത്രിയുടെ സന്ദർശനപരിപാടി രാത്രി 9-30നു് പ്രക്ഷേപണം ചെയ്യുന്ന ഈ പരിപാടി പുതിയ ഇന്ത്യയെക്കുറിച്ചു പരേതനായ നേതാവിനുണ്ടായിരുന്ന ദർശനം അദ്ദേഹത്തിൻറെതന്നെ വാക്കുകളിൽ അവതരിപ്പിക്കും. രാത്രി 10 മണിക്കു് ഇംഗ്ലീഷിൽ ഒരു സിമ്പോസിയവും പ്രക്ഷേപണം ചെയ്യപ്പെടും. "നെഹ്റുവിൻറെ കാഴ്ചപ്പാടു്" എന്നതാണു് സിമ്പോസിയത്തിൻറെ വിഷയം.

1965 മേയ് 28-ാംതു രാത്രി 9-30നു് നെഹ്റുവിൻറെ ജീവിതശൈലത്തെപ്പറ്റി ഹിന്ദിയിൽ ഒരു സിമ്പോസിയം പ്രക്ഷേപണം ചെയ്യപ്പെടും. കട്ടിക്കംക്കുള്ള പരിപാടിയിൽ ശ്രീ. നെഹ്റുവിനെ സംബന്ധിച്ചു് ശ്രീ. നരേന്ദ്രശർമ്മ തയ്യാറാക്കിയ ഒരു ഹിന്ദി ഫീച്ചർ ശ്രവിക്കും.

മേയ് 26-ാംതു രാത്രി 8-30നു് രാഷ്ട്രപതി ഡോ: എസ്. രാധാകൃഷ്ണൻ ആൾ ഇന്ത്യാ റേഡിയോവിൽനിന്നു് പരേതനായ പ്രധാനമന്ത്രിയെക്കുറിച്ചു് ഇംഗ്ലീഷിൽ ഒരു പ്രഭാഷണം പ്രക്ഷേപണം ചെയ്യുന്നതാണു്. രാഷ്ട്രപതിയുടെ പ്രഭാഷണത്തെത്തുടർന്നു് അതിൻറെ ഹിന്ദിയിലും പ്രാദേശിക ഭാഷകളിലുമുള്ള വിവർത്തനങ്ങൾ ബന്ധപ്പെട്ട റേഡിയോ നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നതായിരിക്കും.

—

നെഹ്റുവിൻറെ ഒന്നാം ചരമവാർഷികം എ. ഐ. ആർ. പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്യും

ന്യൂഡൽഹി, മേയ് 4

പരേതനായ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്റുവിൻറെ ഒന്നാം ചരമവാർഷികം പ്രമാണിച്ച് ആൾ ഇന്ത്യാ റേഡിയോവി